# ശ്രീകൃഷ്ണ വ്രതം

ഭഗവാൻ ശ്രീകൃഷ്ണനാൽ അനുഗ്രഹിക്കപ്പെട്ടത്

വിശ്വപതി
(T.V.R.K. Murthy)

ഓം ദേവകീ നന്ദനായ വിദ്മഹേ
വാസുദേവായ ധീമഹി
തന്നോ കൃഷ്ണ പ്രചോദയാത്

ശ്രീരസ്തു ശുഭമസ്തു അവിഘ്നമസ്തു

# ശ്രീകൃഷ്ണ വ്രതം

**ഭഗവാൻ ശ്രീകൃഷ്ണനാൽ അനുഗ്രഹിക്കപ്പെട്ടത്**

വിശ്വപതി
(T.V.R.K.Murthy)
Shri Designs
Vedic Logo designers
www.lordofsevenhills.com

Hyderabad
2017

# ശ്രീകൃഷ്ണ വ്രതം

**ഭഗവാൻ ശ്രീകൃഷ്ണനാൽ അനുഗ്രഹിക്കപ്പെട്ടത്**

**വിശ്വപതി**

**(തിമ്മരാജു വിശ്വപതി രാമകൃഷ്ണ മൂർത്തി)**

**പ്രഥമ പ്രസിദ്ധീകരണം : 2017**

**വില : നിങ്ങളുടെ ഭക്തി**



**© copyrights reserved**

**T.V.R.K Murthy,** M.Tech
F-Block, Flat No: 903,
Vertex Sadguru Krupa Apartments,
Beside Sanghamitra School,
Nizampet Road, Hyderabad – 500 085,
Telangana, India

**Website:** www.lordofsevenhills.com
www.vratams.com
**Email :** viswapathi@yahoo.com
shridesigns@gmail.com

# നിവേദനം

**വസുദേവ സുതം ദേവം, കംസ ചാണൂര മർദ്ദനം**
**ദേവകി പരമാനന്ദം, കൃഷ്ണം വന്ദേ ജഗത്ഗുരും**

ശ്രീകൃഷ്ണ ഭഗവാൻ എല്ലാവരിലും വെച്ച് കരുണാമയനാണ്. അദ്ദേഹം ഭക്തവത്സലനുമാണ്. ഭഗവാനിൽ പൂർണ്ണമായും സമർപ്പിക്കുന്ന എല്ലാ ഭക്തന്മാരെയും അദ്ദേഹം സംരക്ഷിക്കും. ഒരിക്കലെങ്കിലും ഭക്തിയോടെ ഗോവിന്ദാ, ഗോപാലാ, ഗോകുലനന്ദനാ എന്നു മനമുരുകി വിളിച്ചാൽ ഉടനടി ഭഗവാൻ ആ പ്രാർത്ഥന കേൾക്കുകയും, നമ്മുടെ എല്ലാ ബുദ്ധിമുട്ടുകളും എത്രയും വേഗം തന്നെ തരണം ചെയ്യുവാനായി നമ്മെ സഹായിക്കുകയും ചെയ്യും.

ഞാൻ റീജണൽ എഞ്ചിനീയറിംഗ് കോളേജ് വാറങ്കലിൽ നിന്നും 1983-ൽ ആണ് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദം നേടിയത്. അഞ്ച് വർഷം ഞാൻ ഈ മേഖലയിൽ ജോലി ചെയ്തതിനു ശേഷം 10 വർഷം 1998 വരെ അധ്യാപനത്തിലാണ് ഏർപ്പെട്ടിരുന്നത്. ഇന്ത്യൻ എക്സ്പ്രസ്സ് ദിനപത്രത്തിനു വേണ്ടി 1984-1990 വരെ കാർട്ടൂൺ വരച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. 1993 മുതൽ ഞാൻ 'ശ്രീ ഡിസൈൻസ്' എന്ന പേരിൽ, പല വ്യാപാര സ്ഥാപനങ്ങൾക്കും വേണ്ടി വേദിക്ക് തത്വമനുസരിച്ച് ലോഗോ രൂപകൽപന ചെയ്തു കൊടുക്കുവാൻ തുടങ്ങി. വ്യാപാരികളുടെ ജനന സംബന്ധമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അവരുടെ സ്ഥാപനങ്ങൾക്ക് പേരു നിർദ്ദേശിക്കുന്നതും, ലോഗോ രൂപകൽപന ചെയ്തു കൊടുക്കുന്നതും. ഞാൻ ലോഗോ രൂപകൽപന ചെയ്തു കൊടുത്ത ലോകമെമ്പാടുമുള്ള 6000-ത്തിൽപ്പരം കമ്പനികളും **ശ്രീനിവാസ ഭഗവാന്റെ** കാരുണ്യത്താൽ വളരെ നല്ല രീതിയിൽ ആണ് പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്.

ഞാൻ ഇതുവരെ എഴുതിയ 25 ആദ്ധ്യാത്മിക പുസ്തകങ്ങളിൽ വെച്ച് 15 എണ്ണവും ശ്രീ വെങ്കടേശ്വര സ്വാമിയെക്കുറിച്ച് മാത്രം ഉള്ളതാണ്. ഈ പുസ്തകങ്ങൾ എല്ലാം ലോകമെമ്പാടും സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഈ പുസ്തകങ്ങൾ വായിക്കുന്ന പല ഭക്തരുടെയും ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കുന്നുണ്ട്. തീർച്ചയായും ശ്രീനിവാസ

ഭഗവാന്റെ കൃപാ കടാക്ഷം ഒന്നു കൊണ്ടു മാത്രമാണ് എനിക്ക് ഇത്രയും പുസ്തകങ്ങൾ എഴുതുവാൻ സാധിച്ചത്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി, ശ്രീകൃഷ്ണ ഭഗവാനെക്കുറിച്ച് ഒരു പുസ്തകം എഴുതുവാനായി എന്റെ നിരവധി സുഹൃത്തുക്കൾ എന്നോട് നിരന്തരമായി ആവശ്യപ്പെട്ടു-കൊണ്ടിരിക്കുകയാണ്. എന്റെ ഉറച്ച വിശ്വാസമെന്തെന്നാൽ, ദൈവേച്ഛയാൽ നിയുക്തനാകാതെ യാതൊരുവനും ഈശ്വരനെക്കുറിച്ചുള്ള ഒരു പുസ്തകവും എഴുതുവാൻ സാധിക്കുകയില്ല. മുൻപത്തെ പുസ്തകങ്ങൾ എഴുതുമ്പോൾ എനിക്കുണ്ടായിട്ടുള്ള സ്വന്തം അനുഭവമാണിത്. ഒരു പക്ഷെ ഒരുവന് ഒരു സാഹിത്യ കഥ വളരെ അനായാസമായി എഴുതുവാൻ സാധിച്ചേക്കാം, എന്നാൽ ഈശ്വരനുമായി ബന്ധപ്പെട്ട ഒരു പുസ്തകം എഴുതുക എന്നത് അതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

കരുണാമയനായ ശ്രീകൃഷ്ണ ഭഗവാൻ ഒരു ദിവസം രാത്രിയിൽ എന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും, മനോഹരമായ ഈ വ്രതം നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഭഗവാന്റെ അനുഗ്രഹത്താൽ ഞാൻ ഈ വ്രതം എഴുതുവാൻ തുടങ്ങി. ആദ്യ രണ്ട് കഥകൾ പൂർത്തിയാക്കിയപ്പോൾ എനിക്ക് കുറച്ച് തടസ്സങ്ങൾ നേരിടേണ്ടി വന്നു. ഒരു ദിവസം ഭഗവാൻ ഉണ്ണികണ്ണൻറെ രൂപത്തിൽ ഓടക്കുഴലും കൈയ്യിലേന്തി എനിക്ക് ചുറ്റും ഓടിക്കളിക്കുവാൻ തുടങ്ങി. എന്നിട്ട് എപ്പോഴാണ് ശേഷമുള്ള വ്രതകഥകൾ പൂർത്തിയാക്കുന്നത് എന്ന് എന്നോടു ചോദിച്ചു. അതു കേട്ടപ്പോൾ ഉണ്ടായ എന്റെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. ഞാൻ വളരെ വേഗം തന്നെ ശേഷിച്ച വ്രതകഥകൾ ഭഗവാന്റെ അനുഗ്രഹത്താൽ പൂർത്തീകരിച്ചു.

എന്നാൽ പിന്നീട് എനിക്ക് DTP സംബന്ധമായ ജോലികൾ ഉടനെ ചെയ്യുവാൻ സാധിച്ചില്ല. കുടുംബസംബന്ധമായ ചില തിരക്കുകളിൽ ഏർപ്പെട്ട് ഈ ജോലി മുടങ്ങി കിടന്നു. തിരക്കൊഴിഞ്ഞ് വീണ്ടും ഇതു ചെയ്യുവാൻ ശ്രമിച്ചപ്പോൾ അതിനു സാധിച്ചില്ല. കാരണം ഞാൻ അലമാരയിൽ സൂക്ഷിച്ചിരുന്ന വ്രതകഥകൾ കാണാതായി. പരിഭ്രാന്തനായി ഞാൻ എല്ലായിടത്തും അന്വേഷിച്ചുവെങ്കിലും ഫലം കണ്ടില്ല. വ്രതകഥകൾ നഷ്ടമായി എന്ന് എനിക്കു മനസ്സില്ലായി. എന്റെ അശ്രദ്ധ കൊണ്ട് ഉണ്ണികണ്ണൻ എന്റെ ഗൃഹത്തിൽ നിന്നും പോയതായി എനിക്കു തോന്നി. ഭഗവാന് പ്രാധാന്യം കൊടുക്കാതെ എന്റെ കുടുംബ കാര്യങ്ങൾക്ക് പ്രാധാന്യം

നൽകിയതാണ് ഞാൻ ചെയ്ത തെറ്റ്. ഇരുപത്തി അഞ്ചോളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ഇങ്ങനെ ഒരു അനുഭവം ആദ്യമായിട്ടാണ് എനിക്ക് നേരിടേണ്ടി വന്നത്.

ഞാനും, എന്റെ പത്നിയും അതീവ ദു:ഖിതരായിരുന്നു. ഞങ്ങളുടെ തെറ്റ് പൊറുക്കണമേ എന്നു ഭഗവാനോട് നിരന്തരമായി പ്രാർത്ഥിച്ചു കൊണ്ടിരിന്നു. ദയാർദ്രനായ ശ്രീകൃഷ്ണ ഭഗവാൻ എനിക്കും, എന്റെ പത്നി രുക്മിണിയ്ക്കും മനോഹരമായ ഒരു സ്വപ്നദർശനം നൽകി അനുഗ്രഹിച്ചു. ഞങ്ങൾ സന്തോഷാധിക്യത്താൽ ആറാടി. വ്രതകഥകൾ വീണ്ടും എന്റെ മനസ്സിലേക്ക് ഒഴുകി വന്നു. പിറ്റേന്നു പ്രഭാതത്തിൽ തന്നെ വ്രതകഥകൾ മുഴുവനും ഞാൻ എഴുതിവെച്ചു.

ശ്രീകൃഷ്ണ ഭഗവാൻ കരുണക്കടലാണ്. ഞങ്ങളുടെ പല പൂർവ്വജന്മങ്ങളിലെ പുണ്യത്തിന്റെ ഫലമായിട്ടാണ് ഭഗവാന്റെ അനുഗ്രഹം സിദ്ധിച്ചതെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. അല്ലെങ്കിൽ സാധാരണക്കാരനായ എനിക്ക് ഇത്ര പുണ്യമായ വ്രതം എങ്ങനെ എഴുതുവാൻ സാധിക്കും.

ശ്രീകൃഷ്ണ ഭഗവാനാൽ അനുഗ്രഹിക്കപ്പെട്ട ഈ വ്രതം ചെയ്യുവാൻ വളരെ എളുപ്പമാണ്. ആർക്കും ഏത് ദിവസവും ഈ വ്രതം ചെയ്യാം. കഠിനമായ നിയമങ്ങൾ ഒന്നും തന്നെയില്ല. ശ്രീകൃഷ്ണ ഭഗവാൻ എന്നോട് പറഞ്ഞത് എന്തെന്നാൽ, ഈ വ്രതം ചെയ്യുന്ന എല്ലാ സ്ഥലങ്ങളിലും അദ്ദേഹം വന്ന് ഓടക്കുഴൽ ഊതി നൃത്തം ചെയ്യുമെന്നാണ്. ഈ വ്രതം ചെയ്യുന്നവർക്കും, ഈ വ്രതകഥകൾ കേൾക്കുന്നവർക്കും ഭഗവാന്റെ അനുഗ്രഹം സമൃദ്ധമായി ലഭിക്കും.

ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ എന്നെ പ്രത്യക്ഷമായും, പരോക്ഷമായും സഹായിച്ച എല്ലാവർക്കും ശ്രീകൃഷ്ണ ഭഗവാന്റെ അനുഗ്രഹം ലഭിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

**വിശ്വപതി**
**(T.V.R.K Murthy)**
**E-Mail: viswapathi@yahoo.com**

**ഹൈദരാബാദ്**
**2017**

# ശ്രീകൃഷ്ണ വ്രതം
# അനുഷ്ഠിക്കേണ്ട രീതി

ജാതിമതപ്രായഭേദമന്യേ ആർക്കും ശ്രീകൃഷ്ണ വ്രതം ചെയ്യാം. അവരവരുടെ സൗകര്യം അനുസരിച്ച് ഏതു ദിവസം വേണമെങ്കിലും ഈ വ്രതം ചെയ്യാം. ഏകാദശി, പൗർണ്ണമി ദിവസങ്ങളിലും അതു പോലെ രോഹിണി, ചോതി അല്ലെങ്കിൽ തിരുവോണം എന്നീ നാളുകളിലും ഈ വ്രതം അനുഷ്ഠിക്കുന്നത് വളരെ പുണ്യദായകമാണ്. ബുധനാഴ്ച തോറും ഈ വ്രതം ചെയ്യുന്നത് വളരെ ഫലപ്രദമാണ്. ശ്രീകൃഷ്ണ വ്രതം ചെയ്യുമ്പോൾ ഉപവസിക്കേണ്ട ആവശ്യമില്ല. ആർക്കെങ്കിലും എന്തെങ്കിലും കാരണത്താൽ വ്രതം അനുഷ്ഠിക്കുവാൻ സാധിക്കില്ലെങ്കിൽ, കേവലം ഈ വ്രതകഥകൾ ശ്രവിച്ചാൽ പോലും തുല്യ ഫലം സിദ്ധിക്കുന്നതായിരിക്കും. ഈ വ്രതം ചെയ്യുക വഴി ഭക്തന്മാർക്ക് എല്ലാ കടമ്പകളും കടന്ന് ഐശ്വര്യപൂർണ്ണവും, ശാന്തവുമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കും.

ശ്രീ ജന്മാഷ്ടമി, കുംഭ മാസത്തിലെ പൗർണ്ണമി (ഫാൽഗുണ പൗർണ്ണമി), ചിങ്ങ മാസത്തിലെ പൗർണ്ണമി (ശ്രാവണ പൗർണ്ണമി), വൈകുണ്ഠ ഏകാദശി എന്നീ പുണ്യ ദിനങ്ങളിൽ ഈ വ്രതം അനുഷ്ഠിച്ചാൽ ഭക്തന്മാരിൽ ഭഗവാന്റെ അനുഗ്രഹം പതിൻമടങ്ങ് വർഷിക്കപ്പെടും. ഈ വ്രതം അവരവരുടെ ഗൃഹങ്ങളിലോ, വാടക വീടുകളിലോ, ക്ഷേത്രങ്ങളിലോ, പുണ്യ നദീ തീരങ്ങളിലോ ചെയ്യാവുന്നതാണ്. ഈ വ്രതം ചെയ്യുന്നതു കൊണ്ടുള്ള ഫലം കൂടുതലായി സിദ്ധിക്കുന്നത് ശ്രീകൃഷ്ണ ഭഗവാനുമായി ബന്ധപ്പെട്ടു കിടക്കുന്ന പുണ്യ സ്ഥലങ്ങളായ മധുര, ദ്വാരക, ഉഡുപ്പി, ഗുരുവായൂർ, പുരി, ശ്രീരംഗം, തിരുമല എന്നിവിടങ്ങളിൽ ചെയ്യുമ്പോഴാണ്.

ശ്രീകൃഷ്ണ വ്രതം ചെയ്യാൻ വളരെ എളുപ്പമാണ്. ഈ വ്രതം തുടങ്ങുന്നതിനു മുൻപ് വിഘ്നേശ്വര ഭഗവാനെയും, നവഗ്രഹങ്ങളേയും അഷ്ടദിക് പാലകരെയും മനസ്സിൽ നമസ്കരിക്കണം. അതിനുശേഷം ഗോത്രം, നിങ്ങളുടെയും, കുടുംബാംഗങ്ങളുടേയും പേരുകൾ എന്നിവ മനസ്സിൽ വിചാരിക്കുക. അതിനുശേഷം ഏതെങ്കിലും പഴം ഭഗവാന് നൈവേദ്യമായി സമർപ്പിച്ച് ആതംഗപൂജയും, അഷ്ടോത്തരവും, 5 വ്രതകഥകളും ഭക്തിയോടെ വായിക്കുക.

സാധിക്കുമ്പോഴൊക്കെ ദമ്പതികൾ ഒരുമിച്ചോ അല്ലെങ്കിൽ ഒറ്റയ്ക്കോ ഈ വ്രതം ചെയ്യാം. പങ്കാളികൾ നഷ്ടപ്പെട്ടവർക്കും ഈ വ്രതം ചെയ്യുന്നതിലൂടെ അവർക്ക് മന:ശക്തി ലഭിക്കും. സ്ത്രീകൾ അവരുടെ മാസമുറ സമയത്ത് ഇത് ചെയ്യരുത്. ഈ വ്രതം 7 ബുധനാഴ്ചകളിൽ തുടർച്ചയായി ചെയ്താൽ സന്താനഭാഗ്യം ഇല്ലാത്ത ദമ്പതികൾക്ക് സന്താനഭാഗ്യം ലഭിക്കുകയും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ വിഷമതകൾ മാറുകയും, മാനസ്സിക വ്യഥ അനുഭവിക്കുന്നവർക്ക് മനസ്സമാധാനം ലഭിക്കുകയും ചെയ്യും.

ഈ വ്രതം ചെയ്യുന്നത് വഴി ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും അവരുടെ വിവാഹത്തിനു നേരിടുന്ന തടസ്സങ്ങൾ മാറികിട്ടും. ജോലി സ്ഥലങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകളും ഇല്ലാതാക്കപ്പെടും. വിവാഹം, ഗൃഹപ്രവേശം മുതലായ മംഗള കർമ്മങ്ങൾക്ക് മുൻപായി ശ്രീകൃഷ്ണ വ്രതം ചെയ്താൽ എല്ലാം ശുഭകരമായി നടക്കുന്നതായിരിക്കും. ഈ വ്രതം ഒരു പുരോഹിതനെ കൊണ്ട്, കലശം സ്ഥാപിച്ച്, മണ്ഡപപൂജ വഴി അഷ്ടദിക് പാലകരെയും, നവഗ്രഹങ്ങളേയും, പഞ്ചലോക പാലകരേയും ആവാഹിച്ചിരുത്തിക്കൊണ്ടും ചെയ്യാം.

**ഏറ്റവും പ്രധാനപ്പെട്ടതെന്തെന്നാൽ: ശ്രീകൃഷ്ണ ഭഗവാൻ വളരെ ദയാലുവാണ്. ഭഗവാൻ സ്വയം പറഞ്ഞിട്ടുള്ളത് എന്തെന്നാൽ, ഈ ശ്രീകൃഷ്ണ വ്രതം അനുഷ്ഠിക്കുന്ന എല്ലാ സ്ഥലങ്ങളിലും അദ്ദേഹം വന്ന് നൃത്തമാടുകയും, അദ്ദേഹത്തിന്റെ പാദസരത്തിന്റെ സ്വരവും, ദിവ്യമായ ഓടക്കുഴലിന്റെ നാദവും കേൾക്കുവാൻ സാധിക്കുമെന്നാണ്. അതുപോലെ ഉണ്ണിക്കണ്ണന്റെ തൃപ്പാദത്തിന്റെ പാടുകൾ കാണുവാനും സാധിക്കും. ഇതിനെല്ലാം ആവശ്യമായ ഒരേ ഒരു കാര്യം എന്നത്, ഭഗവാനിലുള്ള നിഷ്കാമമായ ഭക്തിയും, ആ തൃപ്പാദങ്ങളിലുള്ള പൂർണ്ണ സമർപ്പണവും ആണ്.**

ഈ വ്രതം ഭക്തിയോടെ ചെയ്ത് എല്ലാവരും ശ്രീകൃഷ്ണ ഭഗവാന്റെ അനുഗ്രഹാശ്ശിസ്സുകൾ സമ്പാദിച്ചാലും.

വിശ്വപതി
**(T.V.R.K Murthy)**
**Email: - viswapathi@yahoo.com**

ഹൈദരാബാദ്, **2017**

# ശ്രീകൃഷ്ണ വ്രതം

## ശ്രീ ഗണേശ പ്രാർത്ഥന

ശുക്ലാംബരധരം വിഷ്ണും
ശശിവർണ്ണം ചതുർ ഭുജം
പ്രസന്നവദനം ധ്യായേത്
സർവ്വ വിഘ്നോപ ശാന്തയേ

## നവഗ്രഹ പ്രാർത്ഥന

ഓം ആദിത്യ, സോമായ, മംഗളായ, ബുധായച
ഗുരു, ശുക്ര, ശനിദ്യശ്ച,
രാഹവേ, കേതവേ നമ:

## അഷ്ടദിക്പാലക പ്രാർത്ഥന

ഓം കുബേരായ നമ:
ഓം ഈശാനായ നമ:

ഓം യമായ നമ:
ഓം അഗ്നിദേവായ നമ:

ഓം ഇന്ദ്രായ നമ:
ഓം വായുദേവായ നമ:

ഓം വരുണായ നമ:
ഓം നിരുതേ നമ:

# ശ്രീകൃഷ്ണ അതംഗ പൂജ

| | |
|---|---|
| ഓം ശ്രീകൃഷ്ണായ നമ: | പാദൗ പൂജയാമി |
| ഓം രാജീവലോചനായ നമ: | ഗുൽഫൗ പൂജയാമി |
| ഓം വാചസ്പതയെ നമ: | ജംഘേ പൂജയാമി |
| ഓം നരകാന്തകായ നമ: | ജാനൂനി പൂജയാമി |
| ഓം വിശ്വരൂപായ നമ: | ഉരുൻ പൂജയാമി |
| ഓം ബാലഭദ്രാനുജായ നമ: | ഗുഹ്യം പൂജയാമി |
| ഓം വിശ്വമൂർത്തയെ നമ: | ജഘനം പൂജയാമി |
| ഓം ഗോപീജനപ്രിയായ നമ: | കഠിം പൂജയാമി |
| ഓം പരമാത്മനേ നമ: | ഉദരം പൂജയാമി |
| ഓം ശ്രീകാന്തായ നമ: | ഹൃദയം പൂജയാമി |
| ഓം യാജ്ഞിനേ നമ: | പാർശ്വ പൂജയാമി |
| ഓം ത്രിവിക്രമായ നമ: | പൃഷ്ഠദേഹം പൂജയാമി |
| ഓം പത്മനാഭായ നമ: | സ്കന്ദൗ പൂജയാമി |
| ഓം സർവ്വസ്ത്രധാരിണേ നമ: | ബാഹൂൻ പൂജയാമി |
| ഓം കമലനാഥായ നമ: | ഹസ്താൻ പൂജയാമി |
| ഓം വാസുദേവായ നമ: | കണ്ഠം പൂജയാമി |
| ഓം സനാതനായ നമ: | വദനം പൂജയാമി |
| ഓം വസുദേവാത്മജായ നമ: | നാസികം പൂജയാമി |
| ഓം പുണ്യായ നമ: | ശ്രോത്രേ പൂജയാമി |

| | |
|---|---|
| ഓം ശ്രീശായ നമ: | നേത്രാണി പൂജയാമി |
| ഓം ദേവകീനന്ദനായ നമ: | ഭ്രൂമധ്യം പൂജയാമി |
| ഓം ശകടാസുരമർദ്ദനായ നമ: | ലലാടം പൂജയാമി |
| ഓം ശ്രീകൃഷ്ണായ നമ: | ശിര: പൂജയാമി |
| ഓം നന്ദഗോപപ്രിയായ നമ: | ഭ്രുവൗ പൂജയാമി |
| ഓം ശ്രീ ബാലകൃഷ്ണായ നമ: | സർവ്വാംഗാനി പൂജയാമി |

# ശ്രീകൃഷ്ണ അഷ്ടോത്തര ശതനാമാവലി

(ഓരോ നാമത്തിനു മുൻപിലും **"ഓം"** ചേർത്തു ചൊല്ലുക)

| | |
|---|---|
| **ഓം** ശ്രീകൃഷ്ണായ നമ: | പുണ്യായ നമ: |
| കമലനാഥായ നമ: | ഗോവിന്ദായ നമ: |
| വാസുദേവായ നമ: | യോഗിനാം പതയേ നമ: |
| സനാതനായ നമ: | വൽസവാട കരായ നമ: |
| വാസുദേവാത്മജായ നമ: | അനന്തായ നമ: |
| ശുക വാഗമൃതാബ്ധീന്ദവേ നമ: | ധേനുകാസുര ഭഞ്ജനായ നമ: |
| ലീലാ മാനുഷ വിഗ്രഹായ നമ: | തൃണീകൃത തൃണാവർത്തായ നമ: |
| ശ്രീവത്സ കൗസ്തുഭ ധരായ നമ: | ചതുർഭുജാത്ത ചക്രസി ഗദശംഖാദ്യായുധായ നമ: |
| യശോദ വത്സലായ നമ: | ഹരയേ നമ: |
| ഉത്തലോത്തല ഭേദ്രേ നമ: | തമാല ശ്യാമളാകൃതയേ നമ: |
| യമാളാർജ്ജുന ഭഞ്ജനായ നമ: | നന്ദഗോപ പ്രിയാത്മജായ നമ: |
| ദേവകീ നന്ദനായ നമ: | യോഗിനേ നമ: |
| ഗോപ ഗോപീശ്വരായ നമ: | പൂതനാ ജീവിതാപഹരായ നമ: |
| കോടിസൂര്യ സമപ്രഭായ നമ: | ശകടാസുര ഭഞ്ജനായ നമ: |
| ശ്രീശായ നമ: | ഇളാപതയേ നമ: |
| പരംജ്യോതിഷേ നമ: | യാദവേന്ദ്രായ നമ: |
| യദൂദ്വഹായ നമ: | വനമാലിനേ നമ: |
| നന്ദ വ്രജ ജനനന്ദിനേ നമ: | പീതവാസിനെ നമ: |

| | |
|---|---|
| സച്ചിദാനന്ദ വിഗ്രഹായ നമ: | പാരിജാതാപഹാരകായ നമ: |
| നവനീത വിലിപ്താംഗായ നമ: | വൃന്ദാവനാന്ത സഞ്ചാരിണേ നമ: |
| നവനീത വരായ നമ: | ഗോപാലായ നമ: |
| അനഘായ നമ: | സർവ്വപാലകായ നമ: |
| നവനീത നവ ഹാരിണേ നമ: | മുചുകുന്ദ പ്രസാദകായ നമ: |
| അജായ നമ: | നിരഞ്ജനായ നമ: |
| മധുരാ നാഥായ നമ: | കാമജനകായ നമ: |
| ദ്വാരകാ നായകായ നമ: | കഞ്ജ ലോചനായ നമ: |
| ബലിനേ നമ: | മധുഘ്നേ നമ: |
| ഗോവർദ്ദനചലോദ്ധാർത്രേ നമ: | തുളസീദാമ ഭൂഷണായ നമ: |
| ജഗദ്ഗുരുവേ നമ: | ജഗന്നാഥായ നമ: |
| സ്യമന്തക മണി ഹർത്രെ നമ: | വേണു നാദ വിശരദായ നമ: |
| നര നാരായണാത്മകായ നമ: | വൃഷഭാസുര വിധ്വംസിനേ നമ: |
| മായിനേ നമ: | പരമ പുരുഷായ നമ: |
| കംസാരയേ നമ: | അവ്യക്തായ നമ: |
| കുബ്ജാ കൃഷ്ണാംബര ധരായ നമ: | ബാണാസുര ബാലാന്തകൃതേ നമ: |
| മുഷ്ടികാസുര ചാണൂര മല്ലയുദ്ധ വിശരദായ നമ: | കാളിയ ഫണ മാണിക്യ രഞ്ജിതശ്രീ പാദാംബുജായ നമ: |
| സത്യവാചേ നമ: | പാർത്ഥസാരഥായേ നമ: |
| മുരാരയേ നമ: | നരകാന്തകായ നമ: |
| ഗീതാമൃത മഹോദധിയേ നമ: | അനാദിബ്രഹ്മചാരിണേ നമ: |
| ബർഹി ബർഹാവതംസകായ നമ: | കൃഷ്ണ വ്യസന കർഷകായ നമ: |

| | |
|---|---|
| യജ്ഞ ഭോക്ത്രേ നമ: | ദാമോദരായ നമ: |
| ദാനവേന്ദ്ര വിനാശകായ നമ: | ശിശുപാല ശിരശ്ഛേദ്രേ നമ: |
| ദുര്യോധന കുലാന്തകായ നമ: | വിദുരാക്രൂര വരദായ നമ: |
| നാരായണായ നമ: | പരബ്രഹ്മണേ നമ: |
| വിശ്വരൂപ പ്രദർശകായ നമ: | പന്നഗാശന വാഹനായ നമ: |
| സംസാര വൈരിണേ നമ: | ബലഭദ്ര പ്രിയാനുജായ നമ: |
| സത്യസങ്കൽപ്പായ നമ: | സത്യഭാമാ രതായ നമ: |
| തീർത്ഥാകൃതേ നമ: | പുണ്യ ശ്ലോകായ നമ: |
| ജയിനേ നമ: | വേദ വേദ്യായ നമ: |
| വിഷ്ണവേ നമ: | ജിഷ്ണവേ നമ: |
| യമുനാ വേഗ സംഹാരിണേ നമ: | ജലക്രീഡാ സമാസക്തഗോപീ വസ്ത്രാപഹാരകായ നമ: |
| യുധിഷ്ഠിര പ്രതിഷ്ഠാത്രേ നമ: | ഭീഷ്മ മുക്തിപ്രദായകായ നമ: |
| സുഭദ്രാ പൂർവ്വജായ നമ: | ദയാ നിധയേ നമ: |
| സർവ്വ തീർത്ഥാത്മകായ നമ: | സർവ്വാഗ്രഹ രൂപിണേ നമ: |
| പരാത്പരായ നമ: | മധുരാകൃതയേ നമ: |

# ശ്രീകൃഷ്ണ പ്രാർത്ഥന

**കരാരവിന്ദേന പദാരവിന്ദം**
**മുഖാരവിന്ദേ വിനിവേശയന്തം**
**വടസ്യ പത്രസ്യ പുടേ ശയാനം**
**ബാലം മുകുന്ദം മനസാ സ്മരാമി**

കസ്തൂരി തിലകം ലലാടഫലകേ വക്ഷസ്ഥലേ
കൗസ്തുഭം

നാസാഗ്രേ നവമൗക്തികം കരതലേ വേണും കരേ
കങ്കണം

സർവ്വാംഗേ ഹരിചന്ദനംച കലയം കണ്ഠേച
മുക്താവലീം

ഗോപസ്ത്രീ പരിവേഷ്ടിതോ വിജയതേ
ഗോപാല ചൂഡാമണീം.

# ശ്രീകൃഷ്ണ വ്രതം

## അദ്ധ്യായം ഒന്ന്
## ശ്രീകൃഷ്ണ ഭഗവാന്റെ അനുഗ്രഹം

ശ്രീകൃഷ്ണ ഭഗവാൻ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും മൂർത്തീ ഭാവമാണ്. ശ്രീകൃഷ്ണ ഭഗവാൻ അതിസുന്ദരനാണ്. ഭഗവാനെ ശ്രീകൃഷ്ണൻ എന്ന് വിളിക്കപ്പെടാൻ കാരണം ഭഗവാൻ തന്റെ ദിവ്യ സൗന്ദര്യത്താൽ ഈ ഭൂഖണ്ഡത്തെ മുഴുവൻ തന്നിലേക്ക് ആകർഷിക്കുന്നതു കൊണ്ടാണ്. ശ്രീകൃഷ്ണ ഭഗവാൻ ദിവ്യമായ ആനന്ദം ഈ ലോകം മുഴുവനും വ്യാപിപ്പിക്കും. ഭക്തവത്സലനായ ഭഗവാൻ തന്നോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന എല്ലാ ഭക്തന്മാരെയും സംരക്ഷിക്കും.

ശ്രീകൃഷ്ണ ഭഗവാന്റെ അനുഗ്രഹം ലഭിക്കുവാൻ വലിയ യജ്ഞങ്ങളോ യാഗങ്ങളോ ചെയ്യേണ്ട യാതൊരു ആവശ്യകതയുമില്ല. ഭക്തന്മാർ പൂർണ്ണവും ആത്മാർത്ഥവുമായ ഭക്തിയോടെ ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!.... എന്ന് അകമഴിഞ്ഞ് വിളിച്ചാൽ ഭഗവാൻ ആ നിമിഷം വിളി കേൾക്കുകയും, അവരെ അനുഗ്രഹിക്കുകയും ചെയ്യും. ശ്രീകൃഷ്ണ ഭഗവാൻ പരമമായ സ്നേഹത്തിന്റെ സംഗ്രഹമാണ്. സ്നേഹനിധിയായ ശ്രീകൃഷ്ണ ഭഗവാൻ ഒരു പുണ്യദിനത്തിൽ ഭഗവാന്റെ പ്രിയപ്പെട്ട ഭക്തനായ വിശ്വപതിയുടെ ദിവ്യ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും ആ അനുഗ്രഹീത ദമ്പതികളായ വിശ്വപതിക്കും, പത്നിയായ രുക്മിണിക്കും ഈ ദിവ്യമായ വ്രതകഥ നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഏറ്റവും കരുണാമയനായ ശ്രീകൃഷ്ണ ഭഗവാന് ഈ കലിയുഗത്തിൽ ജീവിക്കുന്ന തന്റെ ഭക്തന്മാരുടെ പരിമിതികളും കുറവുകളും നന്നായി അറിയാം. അതിനാൽ ഭഗവാൻ ഈ ദമ്പതികളിലൂടെ ലോകത്തിനു മുഴുവനായും ദിവ്യമായ ശ്രീകൃഷ്ണ വ്രതം നൽകി അനുഗ്രഹിച്ചു. ഈ കലിയുഗത്തിൽ തന്റെ ഭക്തന്മാർ അനുഭവിക്കുന്ന എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും മോചനം ലഭിക്കുവാനുള്ള ഒരു മാർഗ്ഗമാണ് ഈ വ്രതം.

തന്റെ പ്രിയപ്പെട്ട ദമ്പതികളായ വിശ്വപതിക്കും, രുക്മിണിക്കും കരുണാമയനായ ശ്രീകൃഷ്ണ ഭഗവാൻ സ്വപ്ന ദർശനത്തിലൂടെ ഇങ്ങനെ അരുളി ചെയ്തു. “എൻറെ പ്രിയ ദമ്പതികളേ! എനിക്ക് നിങ്ങളോട് വളരെയധികം സ്നേഹവും

വാത്സല്യവും ഉണ്ട്. ഞാൻ ഇപ്പോൾ നിങ്ങൾക്ക് ലളിതവും എന്നാൽ വളരെ ശക്തവുമായ ഒരു വ്രതം നൽകി അനുഗ്രഹിക്കുകയാണ്. ഈ വ്രതം "ശ്രീകൃഷ്ണ വ്രതം" എന്ന പേരിൽ നിങ്ങളിലൂടെ ഈ ഭൂലോകം മുഴുവനും പ്രസിദ്ധിയാർജ്ജിക്കും. ഈ വ്രതം വളരെ ലളിതമാണ്. ജാതിമതപ്രായഭേദമന്യേ ആർക്കു വേണമെങ്കിലും, ഏതു ദിവസവും ഈ വ്രതം ചെയ്യാം. ഈ വ്രതം ഏകാദശി, പൗർണ്ണമി എന്നീ ദിവസങ്ങളിലും, രോഹിണി, ചോതി അല്ലെങ്കിൽ തിരുവോണം എന്നീ നാളുകളിലും ചെയ്യുന്നത് വളരെ പുണ്യകരമാണ്. ശ്രീ ജന്മാഷ്ടമി, കുംഭ മാസത്തിലെ പൗർണ്ണമി (ഫാൽഗുണ പൗർണ്ണമി), ചിങ്ങ മാസത്തിലെ പൗർണ്ണമി (ശ്രാവണ പൗർണ്ണമി), വൈകുണ്ഠ ഏകാദശി എന്നീ ദിവസങ്ങളിൽ ഈ ദിവ്യ വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ ഭക്തന്മാർ സർവ്വ ഐശ്വര്യങ്ങളാൽ അനുഗ്രഹിക്കപ്പെടും.

ശ്രീകൃഷ്ണ വ്രതം ഒരു ഭക്തന് തന്റെ സ്വന്തം ഗൃഹത്തിലോ, വാടക വീട്ടിലോ, ഏതെങ്കിലും ക്ഷേത്രത്തിലോ, പുണ്യ നദീ തീരത്തോ അല്ലെങ്കിൽ ഏതെങ്കിലും ഒരു പുണ്യ സ്ഥലത്തോ ചെയ്യാവുന്നതാണ്. ഭഗവാന്റെ തീർത്ഥാടന കേന്ദ്രങ്ങളായ മധുര, ദ്വാരക, പുരി, ഗുരുവായൂർ, ഉഡുപ്പി, തിരുമല, ശ്രീരംഗം എന്നീ പുണ്യ സ്ഥലങ്ങളിൽ വച്ച് അനുഷ്ഠിച്ചാൽ വളരെയേറെ ഫലസിദ്ധിയുണ്ടാകും.

ശ്രീകൃഷ്ണ ഭഗവാൻ തന്റെ വാക്കുകൾ ഇങ്ങനെ തുടർന്നു..... "പ്രിയപ്പെട്ടവരെ, ശ്രീകൃഷ്ണ വ്രതം ചെയ്യാൻ വളരെ എളുപ്പമാണ്. പ്രഭാത കർമ്മങ്ങൾക്ക് ശേഷം നിങ്ങളുടെ പൂജാ മുറിയിലെ എന്റെ ഒരു ചിത്രത്തിന്റെയോ, വിഗ്രഹത്തിന്റെയോ മുൻപിൽ ഇരുന്ന് വേണം ഈ വ്രതം ചെയ്യുവാൻ. ദമ്പതികൾക്ക് ഒരുമിച്ചോ, ഒറ്റയ്ക്കിരുന്നോ ഈ വ്രതം ചെയ്യാം. പങ്കാളികൾ നഷ്ടപ്പെട്ടവർക്കും ഈ വ്രതം ചെയ്യാം. ഈ ദിവ്യമായ വ്രതം ചെയ്യുന്നത് വഴി നിങ്ങളുടെ അഭിലാഷങ്ങൾ പെട്ടെന്ന് സഫലീകരിക്കപ്പെടും. ഈ വ്രതം ചെയ്യുന്നതിലൂടെ യുവതീയുവാക്കളുടെ വിവാഹ തടസ്സം മാറുകയും, രോഗങ്ങളാൽ കഷ്ടപ്പെടുന്നവരുടെ രോഗം മാറുകയും ചെയ്യും. മാസം തോറും ഈ വ്രതം ചെയ്യുന്ന ഭക്തന്മാർക്ക് അവരുടെ ജീവിതത്തിൽ ആയുർ ആരോഗ്യവും സർവ്വ ഐശ്വര്യങ്ങളും സന്തോഷവും സമാധാനവും നൽകി ഞാൻ അനുഗ്രഹിക്കും. അവർ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും വിജയം കൈവരിക്കുവാൻ സാധിക്കും. ഭക്തിയോടെ വ്രതകഥകൾ

കേൾക്കുകയും, പ്രസാദം സ്വീകരിക്കുകയും ചെയ്യുന്ന എല്ലാ ഭക്തന്മാർക്കും തുല്യമായ അനുഗ്രഹം ലഭിക്കും.

ഈ ദിവ്യവ്രതം ആരംഭിക്കുന്നതിന് മുൻപായി വിഘ്നേശ്വര ഭഗവാനെയും, അഷ്ടദിക് പാലകരെയും, നവഗ്രഹങ്ങളെയും മനസ്സിൽ നമസ്കരിക്കണം. അതിനുശേഷം ആതംഗപൂജയും, അഷ്ടോത്തരവും, അഞ്ച് വ്രതകഥകളും ഭക്തിയോടും സ്നേഹത്തോടും ശുദ്ധമായ മനസ്സോടും കൂടി വായിക്കണം. ഓരോ കഥയും വായിച്ചതിനു ശേഷം ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!.... എന്ന് ഭക്തിയോടെ ചൊല്ലണം. അവരവരുടെ സൗകര്യം അനുസരിച്ച് ഈ വ്രതം പൂർത്തീകരിക്കുമ്പോൾ നൈവേദ്യമായി ഏതെങ്കിലും പഴങ്ങളോ, പാലോ, വെണ്ണയോ, പാൽപായസമോ, പുതിയതായി ഉണ്ടാക്കിയ ഏതെങ്കിലും പ്രസാദമോ എനിക്ക് സമർപ്പിക്കണം. അല്ലെങ്കിൽ മുകളിൽ പറഞ്ഞ നൈവേദ്യങ്ങൾ മുഴുവനായും സമർപ്പിക്കാം. തുളസീദളങ്ങൾ പൂജക്ക് സമർപ്പിക്കുന്നത് എനിക്ക് ഏറെ പ്രിയങ്കരമാണ്. നൈവേദ്യമായി എനിക്ക് സമർപ്പിച്ച ആ പ്രസാദം സ്വയം കഴിക്കുന്നതും, ബന്ധുമിത്രാദികൾക്ക് വിതരണം ചെയ്യുന്നതും വളരെ നല്ലതാണ്. വ്രതം ചെയ്തതിനു ശേഷം സ്തോത്രങ്ങളും, ഭജൻ പാടുന്നതും, വാദ്യോപകരണങ്ങൾ വായിക്കുന്നതും എനിക്ക് വളരെ പ്രിയപ്പെട്ടതാണ്. ശ്രീകൃഷ്ണ വ്രതം എനിക്ക് വളരെ പ്രിയമുള്ളതാണ്. ഞാൻ ഉണ്ണിക്കണ്ണന്റെ രൂപത്തിൽ ഓടക്കുഴലൂതിക്കൊണ്ട് വ്രതം ചെയ്യുന്ന സ്ഥലങ്ങളിൽ വന്ന് നൃത്തമാടും. അതിനാൽ, ഭക്തിയോടെ എന്നെ ധ്യാനിച്ചാൽ എന്റെ ഓടക്കുഴൽ നാദം നിങ്ങൾക്ക് കേൾക്കുവാൻ സാധിക്കും. ശ്രീകൃഷ്ണ വ്രതം അകമഴിഞ്ഞ ഭക്തിയോടെ അനുഷ്ഠിക്കുന്ന-വർക്ക് എന്റെ തൃപ്പാദ ദർശനവും സാധ്യമാകും. വ്രതകഥകൾ ശ്രവിച്ച് അദൃശ്യനായിട്ടാണ് ഞാൻ നിൽക്കുന്നതെങ്കിലും എന്റെ സാന്നിദ്ധ്യം നിങ്ങൾക്ക് അനുഭവിച്ചറിയാം. എനിക്ക് പ്രിയപ്പെട്ട ഈ ശ്രീകൃഷ്ണ വ്രതം ചെയ്യുന്നിടത്തെല്ലാം സന്തുഷ്ടനായി, ദിവസം മുഴുവനും നൃത്തമാടി കൊണ്ട് ഞാനുണ്ടാവും."

ശ്രീകൃഷ്ണ ഭഗവാൻ സ്വയം ഇങ്ങനെയാണ് ആ അനുഗ്രഹീത ദമ്പതികളായ വിശ്വപതിക്കും പത്നി രുക്മിണിക്കും ഈ വ്രതകഥ നൽകി അനുഗ്രഹിച്ചത്. ശ്രീകൃഷ്ണ ഭഗവാൻ സ്വയം പറഞ്ഞിട്ടുണ്ട് എന്തെന്നാൽ, ഈ കലിയുഗത്തിൽ ഭഗവാന്റെ അനുഗ്രഹം ലഭിക്കുവാനുള്ള ഏറ്റവും ലളിതവും, എളുപ്പവുമുള്ള മാർഗ്ഗം ശ്രീകൃഷ്ണ വ്രതം ചെയ്യുക എന്നുള്ളതാണ്. ഈ വ്രതം സ്ഥിരമായി ഭക്തിയോടെ

അനുഷ്ഠിക്കുന്ന ഭക്തന്മാർക്ക് ഭഗവാന്റെ അനുഗ്രഹത്താൽ ആരോഗ്യവും, ഐശ്വര്യപൂർണ്ണവുമായ നല്ല ജീവിതം നയിക്കുവാൻ സാധിക്കും. എത്ര വലിയ പ്രയാസങ്ങളും ലളിതമായി തരണം ചെയ്യുവാൻ ഈ വ്രതം ചെയ്യുന്നതു വഴി സാധിക്കും. ശ്രീകൃഷ്ണ ഭഗവാൻ അനുഗ്രഹിച്ച് നൽകിയ ഈ ശ്രീകൃഷ്ണ വ്രതം ചെയ്ത് എല്ലാവരും ഭഗവാന്റെ പ്രീതി സമ്പാദിച്ചാലും!!!

|| അദ്ധ്യായം ഒന്ന് സമാപ്തം ||

**ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!**

# ശ്രീകൃഷ്ണ വ്രതം

## അദ്ധ്യായം രണ്ട്
## വല്ലഭദാസന്റെ കഥ

പുരാതനകാലത്ത് മധുരയിൽ വല്ലഭദാസൻ എന്ന നാമധേയമുള്ള ഒരു വലിയ ശ്രീകൃഷ്ണ ഭക്തൻ ജീവിച്ചിരുന്നു. ശ്രീകൃഷ്ണ ഭഗവാനോട് അദ്ദേഹത്തിനു അതിയായ ഭക്തിയായിരുന്നു ഉണ്ടായിരുന്നത്. ദിവസം മുഴുവൻ ഏതു ജോലിയിൽ ഏർപ്പെട്ടാലും അദ്ദേഹം എപ്പോഴും കൃഷ്ണ നാമം ഉരുവിട്ടു കൊണ്ടിരിക്കും. വല്ലഭദാസന് ശ്രീകൃഷ്ണ ഭഗവാനായിരുന്നു എല്ലാം! തന്റെ വിചാര വികാരങ്ങളെല്ലാം ശ്രീകൃഷ്ണ ഭഗവാനുമായി മാത്രമാണ് അദ്ദേഹം പങ്കു വെച്ചിരുന്നത്. അങ്ങനെയുള്ള അവസരങ്ങളിൽ ചിലപ്പോൾ ശ്രീകൃഷ്ണ ഭഗവാനോട് നേരിട്ട് സല്ലപിക്കുന്നത് പോലെ അദ്ദേഹത്തിനു തോന്നുമായിരുന്നു. പരിസരവാസികൾ എല്ലാം വല്ലഭദാസന്റെ അകമഴിഞ്ഞ ഈ ശ്രീകൃഷ്ണ ഭക്തിയിൽ സന്തോഷിച്ചിരുന്നു.

വല്ലഭദാസൻ ഭഗവത് ദർശനത്തിനു വേണ്ടി എല്ലാ ദിവസവും അടുത്തുള്ള ശ്രീകൃഷ്ണ ക്ഷേത്രത്തിൽ പോകുമായിരുന്നു. ഭഗവാന്റെ അനശ്വര ഭംഗിയിൽ മതിമറന്ന് അദ്ദേഹം കുറേ സമയം അവിടെ ചിലവഴിക്കുമായിരുന്നു. ഭഗവാൻ അതിമനോഹരനാണ്. ഭഗവാൻ എല്ലാ ചരാചരങ്ങളിലും കുടികൊള്ളുന്നു. ഭഗവാനെക്കുറിച്ചു ചിന്തിക്കുന്ന മാത്രയിൽ തന്നെ നമ്മുടെ ഉള്ളിൽ സന്തോഷം തിരതല്ലും. ഭഗവാന്റെ ശിരസ്സിനെ അലങ്കരിക്കുന്ന മനോഹരമായ മയിൽപീലിയും, ദിവ്യമായ ഓടക്കുഴൽനാദവും, വശ്യമായ പുഞ്ചിരിയും ആരുടെയും മനം കവരും!! ആ ദിവ്യമായ പുഞ്ചിരിയാണ് ഈ പ്രപഞ്ചത്തെ മുഴുവനായും സംരക്ഷിക്കുന്നത്. ശ്രീകൃഷ്ണ നാമം ഉച്ചരിക്കുന്ന മാത്രയിൽ തന്നെ നമ്മുടെ ശരീരത്തിലേക്ക് ദിവ്യമായ ഒരു ഊർജ്ജം ഒഴുകിയെത്തും. ചിലപ്പോഴൊക്കെ വല്ലഭദാസൻ ക്ഷേത്രത്തിൽ തന്നെയായിരിക്കും ദിവസം മുഴുവനും ചിലവിട്ടിരുന്നത്. എല്ലാ ദിവസവും ക്ഷേത്രത്തിൽ രാവിലെ ശ്രീകൃഷ്ണ ഭഗവാന് നൈവേദ്യം സമർപ്പിക്കുന്ന വേളയിൽ ഏതെങ്കിലും ഒരു ഭക്തൻ ഓടക്കുഴൽ ഊതുന്നത് പതിവായിരുന്നു. ഈ മധുരമായ വേണുനാദം കേൾക്കുന്ന മാത്രയിൽ തന്നെ ആനന്ദ പരവശനായ

വല്ലഭദാസൻ മറ്റേതോ ഒരു ലോകത്ത് എത്തിപ്പെട്ടത് പോലെ ഇരിക്കുമായിരുന്നു. ആ ക്ഷേത്രത്തിൽ എത്തുന്ന മറ്റ് ഭക്തന്മാർ എല്ലാവരും വല്ലഭദാസന്റെ അതിഗാഢമായ ശ്രീകൃഷണ ഭക്തിയെ വാഴ്ത്തുമായിരുന്നു.

ഒരു ദിവസം രാത്രിയിൽ വല്ലഭദാസനു കഠിനമായ പനി ബാധിച്ചു. പിറ്റേന്നു പ്രഭാതത്തിൽ പനിയ്ക്കു ശമനം ഉണ്ടായെങ്കിലും അദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. അന്നു പതിവുപോലെ ഭഗവാനെ ദർശിക്കുവാനായി ക്ഷേത്രത്തിലേയ്ക്കു പോകുവാൻ സാധിക്കില്ലല്ലോ എന്നോർത്ത് അദ്ദേഹം ദുഃഖിതനായി. നൈവേദ്യ വേളയിൽ പതിവുള്ള ഓടക്കുഴൽ നാദവും കേൾക്കുവാൻ സാധിക്കില്ലല്ലോ എന്നോർത്തപ്പോൾ അദ്ദേഹം കൂടുതൽ നിരാശനായി. ഇങ്ങനെ വിഷമിച്ചിരിക്കുന്ന അവസരത്തിൽ പെട്ടന്ന് അദ്ദേഹത്തിന് കൊലുസ്സിന്റെ കിലുക്കം കേൾക്കുവാൻ സാധിച്ചു. ആ നിമിഷം, മനോഹരമായ പുഞ്ചിരിയോടെ ഒരു ഉണ്ണി അദ്ദേഹത്തിന്റെ ഗൃഹത്തിനുള്ളി-ലേക്ക് ഓടി വന്നു. ആ ഉണ്ണി വല്ലഭദാസനരികിലേക്കു വന്ന് ഇപ്രകാരം ചോദിച്ചു, "മുത്തച്ഛാ..... എന്താണ് ഇങ്ങനെ വിഷമിച്ചിരിക്കുന്നത്?" പരിചയകുറവ് തോന്നിയതിനാൽ വല്ലഭദാസൻ ആ ഉണ്ണിയോട് പേരും, താമസസ്ഥലവും ആരാഞ്ഞു. ഇതിനു മറുപടിയായി ആ ഉണ്ണി കുസൃതി നിറഞ്ഞ പുഞ്ചിരിയോടെ ഈ പ്രദേശം മുഴുവനും എന്റെ വീടാണെന്നു പറഞ്ഞു. എന്നിട്ട് ശ്രീകൃഷ്ണ ക്ഷേത്രത്തിലെ വെണ്ണയാണിതെന്നു പറഞ്ഞുകൊണ്ട് ആ ഉണ്ണി വല്ലഭദാസനു കുറച്ച് വെണ്ണ കഴിക്കുവാനായി കൊടുത്തു. വെണ്ണ കഴിച്ച മാത്രയിൽ തന്നെ ഒരു ദിവ്യമായ ഊർജ്ജം തന്റെ ഉള്ളിലേക്ക് ഒഴുകിയെത്തുന്നതായി അദ്ദേഹത്തിനു തോന്നി. അതിനുശേഷം ആ ഉണ്ണി താൻ കൊണ്ടുവന്ന ഓടക്കുഴൽ ഊതി അവിടെയെല്ലാം ഓടി നടന്നു. ആ ദിവ്യമായ വേണുനാദത്തിന്റെ മാസ്മരികതയിൽ മയങ്ങിപ്പോയ വല്ലഭദാസൻ അറിയാതെ സുഖസുഷുപ്തിയിൽ ആണ്ടു പോയി.

ഒരു മണിക്കൂറിനു ശേഷം ഉണർന്ന വല്ലഭദാസൻ ആ ഉണ്ണിയെ നോക്കി അവിടെയെല്ലാം തിരഞ്ഞുവെങ്കിലും കാണുവാൻ സാധിച്ചില്ല. അപ്പോൾ അവിടേക്കു വല്ലഭദാസന്റെ അയൽവാസിയായ കേശോഭായി വരികയും, എന്തുകൊണ്ടാണ് അന്നു രാവിലെ വല്ലഭദാസനെ ക്ഷേത്രത്തിൽ കാണാഞ്ഞത് എന്നും ആരാഞ്ഞു. തലേന്നു രാത്രിയിൽ തനിക്ക് കഠിനമായ പനി ഉണ്ടായിരുന്നുവെന്നും അതിനാൽ വളരെ ക്ഷീണിതനായതു കൊണ്ടാണ് തനിക്ക് ക്ഷേത്രത്തിലേക്കു വരുവാൻ സാധിക്കാ-

തിരുന്നത് എന്ന് വല്ലഭദാസൻ കേശോഭായിയോട് പറഞ്ഞു. പെട്ടന്നാണ് കേശോഭായി വല്ലഭദാസന്റെ കിടക്കയിൽ മനോഹരമായ ഒരു ഓടക്കുഴൽ കണ്ടത്. ആ ഓടക്കുഴൽ ക്ഷേത്രത്തിലെ ശ്രീകൃഷ്ണ ഭഗവാന്റെയാണെന്നു കേശോഭായി തിരിച്ചറിഞ്ഞു. ക്ഷേത്രത്തിൽ ഭഗവാന്റെ ഓടക്കുഴൽ ഇന്നു രാവിലെ മുതൽ കാണുവാനില്ലെന്നും എല്ലാവരും അതിനാൽ വളരെയധികം വിഷമിച്ചിരിക്കുകയാണെന്നും കേശോഭായി വല്ലഭദാസനെ അറിയിച്ചു. അപ്പോൾ വല്ലഭദാസൻ, അന്നു രാവിലെ ഒരു ഉണ്ണി തന്റെ ഗൃഹത്തിലേക്കു വന്നുവെന്നും, വളരെ മധുരമായി ഓടക്കുഴൽ ഊതിയെന്നും, താൻ വളരെ ക്ഷീണിതനായതിനാൽ ആ ഉണ്ണിയുടെ കൈയിൽ ഉള്ള ഓടക്കുഴൽ ഭഗവാന്റെ ഓടക്കുഴൽ ആണെന്നു തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നും പറഞ്ഞു. വല്ലഭദാസന്റെ ഗൃഹത്തിൽ എത്തി ഓടക്കുഴൽ ഊതിയ ആ ഉണ്ണി മറ്റാരുമല്ല സാക്ഷാൽ ശ്രീകൃഷ്ണ ഭഗവാൻ തന്നെയാണെന്നു കേശോഭായി മനസ്സിലാക്കി. ഇതറിഞ്ഞ വല്ലഭദാസന്റെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. സന്തുഷ്ടനായ കേശോഭായി വല്ലഭദാസന്റെ ശ്രീകൃഷ്ണ ഭക്തിയെ വളരെയധികം പ്രശംസിച്ചു.

ശ്രീകൃഷ്ണ ഭഗവാന്റെ ഓടക്കുഴലുമേന്തി വല്ലഭദാസനും, കേശോഭായിയും ക്ഷേത്രത്തിലേക്കു പോയി. ക്ഷേത്രത്തിൽ കൂടിയിരുന്ന ഭക്തന്മാരോടെല്ലാം വല്ലഭദാസന്റെ ഗൃഹത്തിൽ ഉണ്ണിയുടെ രൂപത്തിൽ വന്ന് ഓടക്കുഴൽ ഊതി കളിച്ച ശ്രീകൃഷ്ണ ലീലയെ കുറിച്ച് അവർ വിവരിച്ചു കൊടുത്തു. ഇത് കേട്ട മാത്രയിൽ എല്ലാവരും ശ്രീകൃഷ്ണ ഭഗവാന് വല്ലഭദാസനോടുള്ള സ്നേഹത്തെ കുറിച്ച് വളരെയധികം മഹത്വത്തോടു കൂടി സംസാരിച്ചു. ഇത്രയും സാത്വികനും, പരമഭക്തനുമായ ഒരു വ്യക്തി തങ്ങളുടെയിടയിൽ ഈ മധുരയിൽ ജീവിക്കുന്നതോർത്ത് അവർ എല്ലാവരും അത്യധികം സന്തോഷിച്ചു. ശ്രീകൃഷ്ണ ഭഗവാന് തന്റെ ഭക്തന്മാരോടുള്ള സ്നേഹ വാത്സല്യങ്ങൾ കണ്ട് അവർ എല്ലാവരും ആനന്ദത്തിൽ ആറാടി.

ശ്രീകൃഷ്ണ ഭഗവാൻ കരുണാമയനാണ്. ഭഗവാനിൽ പൂർണ്ണമായും സമർപ്പിക്കുന്ന തന്റെ എല്ലാ ഭക്തന്മാരുടെയും പൂർണ്ണ സംരക്ഷണം ഭഗവാൻ ഏറ്റെടുക്കും. സമർപ്പണ മനോഭാവത്തോടെ "ഗോവിന്ദാ..." എന്നു വിളിക്കുന്ന മാത്രയിൽ തന്നെ തന്റെ ഭക്തന്മാരുടെ അരികിലേക്ക് അവരുടെ പ്രയാസങ്ങൾ അകറ്റാനായി ഭഗവാൻ ഓടിയെത്തും. അത്രയ്ക്ക് ശക്തമാണ് ശ്രീകൃഷ്ണ ഭഗവാന്റെ ഭക്തവാത്സല്യം!!

|| അദ്ധ്യായം രണ്ട് സമാപ്തം ||

**ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!**

# ശ്രീകൃഷ്ണ വ്രതം

## അദ്ധ്യായം മൂന്ന്
## കൃഷ്ണൻ ദമ്പതികളുടെ കഥ

ശ്രീകൃഷ്ണ ഭഗവാൻ തന്റെ ഭക്തന്മാരെയെല്ലാവരേയും വളരെയധികം സ്നേഹിക്കുന്നു. ഓടക്കുഴൽ കൈകളിലേന്തിയ ശ്രീകൃഷ്ണ ഭഗവാന്റെ മോഹനരൂപം ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളുടേയും ഹൃദയം കവരുന്നതാണ്. ഭഗവാൻ സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും പ്രതീകമാണ്. ശ്രീകൃഷ്ണ ഭഗവാൻ എല്ലായ്പ്പോഴും തന്റെ ഭക്തൻമാരുടെ മുഴുവൻ ചുമതലയും ഏറ്റെടുക്കും. ഭഗവാനെ അധിക്ഷേപിക്കുന്നവർക്ക് അദ്ദേഹം മാപ്പു നൽകുമെങ്കിലും, തന്റെ ഭക്തരെ കഷ്ടപ്പെടുത്തുന്നവർക്ക് ഭഗവാൻ മാപ്പു നൽകുകയില്ല. അത്രയ്ക്ക് സ്നേഹമാണ് ഭഗവാന് തന്റെ ഭക്തന്മാരോട്. ഭഗവാനിൽ പൂർണ്ണമായും സമർപ്പിക്കുന്ന ഭക്തന്മാരെ അദ്ദേഹം തന്റെ കരവലയത്തിനുള്ളിൽ സുരക്ഷിതരായി വെയ്ക്കും.

പുരാതനകാലത്ത് കൃഷ്ണനെന്നും രാധയെന്നും പേരുള്ള ദമ്പതികൾ ഗുരുവായൂരിൽ താമസിച്ചിരുന്നു. നദിയുടെ മറുകരയിലായിരുന്നു അവരുടെ ഗൃഹം. അവർ രണ്ടുപേരും ശ്രീകൃഷ്ണ ഭഗവാന്റെ തികഞ്ഞ ഭക്തരായിരുന്നു, പ്രത്യേകിച്ചും രാധ. അവർ ഭഗവാന്റെ തിരുനാമം ഉരുവിട്ട് മാത്രമേ ഏതു ജോലിയിലും ഏർപ്പെട്ടിരുന്നുള്ളൂ. ഓരോ നിമിഷവും ഭഗവാന്റെ സ്മരണയിൽ മുഴുകിയായിരുന്നു അവർ ജീവിച്ചിരുന്നത്. അത് ജീവാത്മാവിന്റെയും, പരമാത്മാവിന്റെയും കൂടിയുള്ള സംഗമമായിരുന്നു. എല്ലാ ദിവസവും പ്രഭാതത്തിൽ അവർ ക്ഷേത്രദർശനത്തിനായി പോകുമായിരുന്നു. ഭഗവത് ദർശനത്തിലൂടെ മാത്രമായിരുന്നു അവരുടെ ഒരു ദിവസം തുടങ്ങിയിരുന്നത്. സാത്വികമായ ഒരു ജീവിതമാണ് അവർ ഈ ജന്മം നയിച്ചിരുന്നതെങ്കിലും, പൂർവ്വജന്മ പാപത്തിന്റെ ഫലമായി ഈ ജന്മത്തിൽ അവർക്ക് സന്താനഭാഗ്യമുണ്ടായിരുന്നില്ല. പക്ഷേ അവർ അതിൽ ദു:ഖിതരായിരുന്നില്ല. സമീപവാസികളായ കുട്ടികളെ സ്വന്തം കുട്ടികളായാണ് അവർ കരുതിയിരുന്നത്. ഈ കുട്ടികൾക്കെല്ലാം അവർ സ്ഥിരമായി മധുര പലഹാരങ്ങളും, കളിപ്പാട്ടങ്ങളും വാങ്ങി കൊടുക്കുമായിരുന്നു. അങ്ങനെ

വർഷങ്ങൾ കടന്നു പോകുകയും കൃഷ്ണന് ഷഷ്ഠിപൂർത്തിയാകുകയും ചെയ്തു.

ഓരോ വർഷവും രാധ ശ്രീകൃഷ്ണ ജന്മാഷ്ടമിക്കായി കാത്തുകാത്തിരിക്കുമായിരുന്നു. എല്ലാ വർഷത്തിലും ആ ദിവസം അവർ സമീപവാസികളായ കുട്ടികളിൽ നിന്നും ഒരു ആൺകുട്ടിയെ വീട്ടിലേക്ക് ക്ഷണിക്കുകയും അവനെ ഉണ്ണികണ്ണനെ പോലെ വേഷം കെട്ടിക്കുകയും, സ്വാദിഷ്ഠമായ വിഭവങ്ങൾ ഉണ്ടാക്കി ഊട്ടുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. രാധ ഇങ്ങനെ ഉണ്ണിക്കണ്ണനായി കരുതി കുട്ടികളെ കൊഞ്ചിക്കുന്നതു കാണാൻ സമീപവാസികൾക്കെല്ലാം ഇഷ്ടമായിരുന്നു. ശ്രീകൃഷ്ണ ജന്മാഷ്ടമിക്ക് ഒരാഴ്ച മുൻപ് തന്നെ രാധ ഒരുക്കങ്ങൾ തുടങ്ങുമായിരുന്നു. അവർ വീട് മുഴുവൻ വൃത്തിയാക്കി നിരവധി പൂക്കൾ കൊണ്ടും, മാവില കൊണ്ടും, കുരുത്തോല കൊണ്ടും അലങ്കരിക്കും. അവർ പല തരത്തിലുള്ള പലഹാരങ്ങൾ ഉണ്ടാക്കി സമീപത്തുള്ള കുട്ടികൾക്ക് കൊടുക്കുകയും ചെയ്യുമായിരുന്നു.

എല്ലാ വർഷത്തേയും പോലെ ആ വർഷവും രാധ ശ്രീകൃഷ്ണ ജന്മാഷ്ടമിക്കായുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. അങ്ങനെ കൃഷ്ണാഷ്ടമിയുടെ തലേ ദിവസം വന്നെത്തി. ഇപ്രാവശ്യം സമീപവാസിയായ മുകുന്ദൻ എന്ന ബാലകനെയാണ് അവർ തിരഞ്ഞെടുത്തത്. പിറ്റേന്ന് രാവിലെ തന്നെ മുകുന്ദനെ തന്റെ ഗൃഹത്തിലേക്ക് അയക്കണമെന്ന് രാധ മുകുന്ദന്റെ അമ്മയോട് പറഞ്ഞേൽപ്പിച്ചു. ശ്രീകൃഷ്ണാഷ്ടമിയുടെ അന്ന് ബ്രഹ്മമുഹൂർത്തത്തിൽ തന്നെ രാധ എഴുന്നേറ്റ് ഭഗവാനുള്ള പ്രസാദം ഉണ്ടാക്കുവാൻ ആരംഭിച്ചു. കൂടാതെ പാൽ, വെണ്ണ, തൈര്, അവിൽ എന്നിങ്ങനെ ഭഗവാന് പ്രിയമുള്ളതെല്ലാം അവർ ഒരുക്കി വെച്ചു. അവിടെ അടുത്തുള്ള ചന്തയിൽ നിന്നും പല തരത്തിലുള്ള പഴങ്ങളും അവർ വാങ്ങി വെച്ചിരുന്നു. രാവിലെ 8 മണിക്കു തന്നെ മുകുന്ദൻ കളിചിരിയോടെ രാധയുടെ ഗൃഹത്തിൽ എത്തിച്ചേർന്നു. അവർ വാത്സല്യത്തോടു കൂടി ആ ബാലകനെ പുതിയ വസ്ത്രങ്ങൾ ധരിപ്പിക്കുകയും, മധുരപലഹാരങ്ങൾ കഴിക്കുവാനായി കൊടുക്കുകയും ചെയ്തു. കുറച്ച് നേരം കളിച്ചതിനു ശേഷം തനിക്ക് വിശക്കുന്നു എന്നു പറഞ്ഞുകൊണ്ട് മുകുന്ദൻ രാധയുടെ അരികിലേയ്ക്കു വന്നു. രാധ മുകുന്ദനെ വിവിധ വർണ്ണങ്ങളിലുള്ള ഒരു പുല്ലു പായയിൽ ഇരുത്തി ഭക്ഷണം വിളമ്പി കൊടുത്തു. ആ ബാലകൻ സന്തോഷത്തോടെ ഭക്ഷണം കഴിച്ചു തുടങ്ങി. മുകുന്ദൻ ബാലകൃഷ്ണനായി തന്റെ കുഞ്ഞിക്കൈ കൊണ്ട് ഭക്ഷണം

കഴിക്കുന്നതു കണ്ട് രാധ ആനന്ദത്തിൽ ആറാടി. ഇരുവരെയും ഒരുമിച്ച് കണ്ട കൃഷ്ണനും അതീവ സന്തുഷ്ടനായി.

ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന മുകുന്ദൻ പെട്ടെന്ന് തലയുയർത്തി കൊഞ്ചലോടെ "എനിക്ക് മാമ്പഴം വേണം" എന്ന് രാധയോട് ആവശ്യപ്പെട്ടു. ഇതു കേട്ട രാധ വാത്സല്യത്തോടെ ഇങ്ങനെ പറഞ്ഞു "ഉണ്ണികണ്ണാ, മുകുന്ദാ.... ഞാൻ നല്ല മധുരമുള്ള കദളിപ്പഴവും, പേരയ്ക്കയും വാങ്ങി വെച്ചിട്ടുണ്ട്. അത് കഴിക്കുവാൻ തരട്ടെ?" ഇത് കേട്ട മാത്രയിൽ "ഇല്ല.... ഇല്ല.... എനിക്ക് മാമ്പഴം തന്നെ വേണം" എന്നു പറഞ്ഞു കൊണ്ട് കള്ളചിരിയോടെ മുകുന്ദൻ ശാഠ്യം പിടിച്ചു. ഇതു കേട്ട് രാധ ഇങ്ങനെ പറഞ്ഞു "ഉണ്ണികണ്ണാ... ഇപ്പോൾ വേനൽക്കാലം അല്ലല്ലോ. അതുകൊണ്ട് ചന്തയിൽ മാമ്പഴം സുലഭമല്ല. ഞാൻ വാങ്ങിച്ചു വച്ചിരിക്കുന്ന ഈ മധുരമുള്ള പഴങ്ങൾ ഒന്ന് കഴിച്ചു നോക്കൂ." എന്നാൽ മാമ്പഴമില്ല എന്ന് രാധ നുണ പറയുകയാണെന്നും, പഴങ്ങൾ വച്ചിരിക്കുന്ന കുട്ടയിൽ മാമ്പഴം ഉണ്ടെന്നും പറഞ്ഞ ശാഠ്യക്കാരനായ മുകുന്ദൻ, പോയി അത് കൊണ്ടു വരുവാനും രാധയോട് ആവശ്യപ്പെട്ടു. ആ ബാലകനെ സന്തോഷിപ്പിക്കുവാൻ വേണ്ടി മാത്രമായി രാധ പഴങ്ങൾ വെച്ചിരിക്കുന്ന കുട്ടയുടെ അടുത്തേക്ക് പോയി. പഴകുട്ട എടുത്ത് അതിൽ പഴവും പേരക്കയും മാത്രമേ ഉള്ളൂ മാമ്പഴങ്ങൾ ഇല്ല എന്നുള്ളത് മുകുന്ദനെ കാണിച്ചു കൊടുക്കാം എന്ന് അവർ മനസ്സിൽ വിചാരിച്ചു.. പക്ഷേ അവിടെ കണ്ട കാഴ്ച രാധയെ അത്ഭുതപ്പെടുത്തി. അതാ... പഴങ്ങളുടെ മേൽ രണ്ട് മാമ്പഴം ഇരിക്കുന്നു!!! രാധ വേഗം തന്നെ ആ മാമ്പഴം എടുത്തു കൊണ്ടുവന്ന് മുകുന്ദന്റെ കുഞ്ഞികൈകളിൽ വച്ചു കൊടുത്തു. കുസൃതി നിറഞ്ഞ ഭാവത്തോടെ മുകുന്ദൻ ആ മാമ്പഴങ്ങൾ രുചിയോടെ ഭക്ഷിച്ചു. ഭക്ഷണത്തിനു ശേഷം കുറച്ചു നേരം കൂടി ആ ഉണ്ണി അവിടെ കളിച്ചു നടന്നിട്ട് സ്വന്തം ഗൃഹത്തിലേക്ക് തിരിച്ചു പോയി.

വൈകുന്നേരം 4 മണിയോടെ രാധയുടെ വീട്ടു വാതിൽക്കൽ ആരോ മുട്ടുന്നതു കേട്ടു. വാതിൽ തുറന്ന രാധ കണ്ടത് മുകുന്ദന്റെ അമ്മയെയാണ്. രാധ മാമ്പഴത്തിന്റെ വിശേഷം മുകുന്ദന്റെ അമ്മയോട് പറയുവാൻ തുടങ്ങുമ്പോഴേക്കും അവർ വിഷമത്തോടെ ഇപ്രകാരം പറഞ്ഞു തുടങ്ങി. "എനിക്കറിയാം നിങ്ങൾക്ക് എത്രത്തോളം വിഷമമായി കാണുമെന്ന്.. എന്നോട് ക്ഷമിച്ചാലും. ഇന്നലെ രാത്രി മുതൽക്ക് മുകുന്ദന് പനി ആയതിനാൽ രാവിലെ ഇങ്ങോട്ട് പറഞ്ഞയക്കുവാൻ എനിക്ക് സാധിച്ചില്ല. നിങ്ങളെ ഇങ്ങനെ നിരാശപ്പെടുത്തിയതിൽ എനിക്ക് അതിയായ വിഷമം ഉണ്ട്. ഈ സന്ദേശം നേരത്തെ അറിയിക്കാൻ

സാധിക്കാഞ്ഞതിലും എനിക്ക് ദു:ഖമുണ്ട്." ഇതെല്ലം കേട്ട രാധ എന്ത് പറയണം എന്നറിയാതെ സ്തബ്ധയായി നിന്നു. അവർ മുകുന്ദന്റെ അമ്മയോട് അന്ന് നടന്ന കാര്യങ്ങളെല്ലാം വിവരിച്ചു കൊടുത്തു. അതായത് മുകുന്ദൻ രാവിലെ അവിടെ വന്നതും, ഭക്ഷണം കഴിച്ചതും, മാമ്പഴത്തിനു വേണ്ടി ശാഠ്യം പിടിച്ചതും, അവസാനം പഴകുട്ടയിൽ മാമ്പഴം പ്രത്യക്ഷപ്പെട്ടതും... തുടങ്ങിയ എല്ലാ സംഭവങ്ങളും പറഞ്ഞു. കുറച്ച് നേരത്തേക്ക് രണ്ട് സ്ത്രീകളും ഒന്നും മനസ്സിലാകാതെ പരസ്പരം നോക്കി നിന്നു പോയി. പെട്ടെന്നാണ് അവർക്ക് വാസ്തവം ബോധ്യമായത്. അന്ന് മുകുന്ദനായി കൃഷ്ണന്റെ ഗൃഹത്തിൽ എത്തിയത് മറ്റാരുമല്ല സാക്ഷാൽ ഉണ്ണികണ്ണൻ തന്നെയാണെന്ന്!! അവരുടെ സന്തോഷത്തിന് അതിരുകൾ ഇല്ലായിരുന്നു. ശ്രീകൃഷ്ണ ഭഗവാൻ ഈ ദമ്പതികളിൽ ചൊരിഞ്ഞിരിക്കുന്ന അനുഗ്രഹത്തെക്കുറിച്ച് അറിഞ്ഞപ്പോൾ മുകുന്ദന്റെ അമ്മക്ക് അതിയായ സന്തോഷം തോന്നി. അന്നു സന്ധ്യയ്ക്ക് അവർ എല്ലാവരും കൂടി ക്ഷേത്രത്തിലേക്കു പോയി.

ക്ഷേത്രത്തിൽ പ്രവേശിച്ച ഉടനെ അവിടെ കൂടിയിരിക്കുന്ന ഭക്തജനങ്ങൾ ആകാംക്ഷാഭരിതരായി എന്തോ ചർച്ച ചെയ്യുന്നത് അവർ കണ്ടു. ശ്രീകോവിലിനുള്ളിൽ നിന്നും വരുന്ന മാമ്പഴത്തിന്റെ സുഗന്ധത്തിനെക്കുറിച്ചായിരുന്നു അവരുടെ ചർച്ച, വേനൽകാലം കഴിഞ്ഞതിനാലും മാമ്പഴം സുലഭമല്ലാത്ത സമയം ആയതിനാലും എവിടെ നിന്നാണ് ഭഗവാന്റെ മുൻപിൽ മാമ്പഴം സമർപ്പിക്കപ്പെട്ടത് എന്നറിയാനായിരുന്നു അവർ ആശ്ചര്യപ്പെട്ടത്. ഇതു കേട്ട് നിന്ന കൃഷ്ണന്റെയും രാധയുടെയും നേത്രങ്ങളിൽ നിന്ന് ആനന്ദാശ്രുക്കൾ ധാരധാരയായി ഒഴുകി തുടങ്ങി. അവിടെ കൂടിയിരുന്ന ഭക്തജനങ്ങളോട് തങ്ങളുടെ ഗൃഹത്തിൽ അന്നു രാവിലെ നടന്നതെല്ലാം ആ ദമ്പതികൾ വിവരിച്ചു കൊടുത്തു. ഇത് കേട്ടപ്പോൾ അവർക്ക് ഒരു കാര്യം ബോധ്യമായി. അതായത് സാക്ഷാൽ ഉണ്ണിക്കണ്ണൻ അന്ന് കൃഷ്ണന്റെ ഗൃഹത്തിൽ നിന്നും ഭക്ഷിച്ച മാമ്പഴത്തിന്റെ സുഗന്ധമാണ് ശ്രീകോവിലിനുള്ളിൽ നിന്നും പുറത്തേക്ക് ഒഴുകി വന്നു കൊണ്ടിരിക്കുന്നത്!!!. ഈ കൃഷ്ണലീലകൾ കേട്ട എല്ലാ ഭക്തന്മാരും കൃഷ്ണൻ ദമ്പതിമാരുടെ ഭക്തിയെ പ്രകീർത്തിച്ചു.

ശ്രീകൃഷ്ണ ഭഗവാന് തന്റെ ഭക്തന്മാരോടുള്ള സ്നേഹവായ്പ് വിവരണാതീതമാണ്. അഹങ്കാരം എല്ലാം ത്യജിച്ച് ശ്രീകൃഷ്ണ തൃപ്പാദത്തിങ്കൽ പൂർണ്ണമായും സമർപ്പിക്കുന്ന ഏതൊരു ഭക്തനിലും ഭഗവാൻ തന്റെ അനുഗ്രഹാശ്ശിസ്സുകൾ ചൊരിയും. ഭഗവാന് വേണ്ടത് ഒന്നു

മാത്രമാണ്, നിഷ്കാമ ഭക്തി!!! സ്വന്തം കുഞ്ഞുങ്ങളെ എന്ന പോലെ ഭഗവാൻ നമ്മളെ ഓരോരുത്തരേയും കാത്തു സംരക്ഷിക്കും എന്നത് ഉറപ്പുള്ള വസ്തുതയാണ്. ഭഗവാനിൽ പൂർണ്ണമായി സമർപ്പിക്കുകയും, ഹൃദയം നിറഞ്ഞ ഭക്തിയോടെ പ്രാർത്ഥിക്കുകയും ചെയ്താൽ എല്ലാ കാര്യങ്ങളും മംഗളകരമായി നടക്കപ്പെടും.

|| അധ്യായം മൂന്ന് സമാപ്തം ||

**ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!**

# ശ്രീകൃഷ്ണ വ്രതം

## അദ്ധ്യായം നാല്
## രംഗദാസ കഥ

ശ്രീകൃഷ്ണ ഭഗവാൻ ദിവ്യ പ്രേമത്തിന്റെ മൂർത്തീ ഭാവമാണ്. ഭഗവാൻ സർവ്വ വ്യാപിയാണ്. എല്ലാ ചരാചരങ്ങളും ഭഗവാന്റെ തന്നെ രൂപമാണ്. ഓരോ ജീവജാലങ്ങളിലും ഭഗവാനെ കാണുന്നവർ അനുഗ്രഹീതരാണ്. "ഗോവിന്ദാ"..... എന്ന ഭഗവാന്റെ തിരുനാമം ഒരിക്കലെങ്കിലും ഉരുവിടുന്നവരുടെ പ്രാർത്ഥന ഭഗവാൻ ഉടനടി തന്നെ കേൾക്കുന്നതായിരിക്കും. നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയും, ഭഗവാന്റെ അനുഗ്രഹത്തിനു പാത്രീഭവിക്കുകയും ചെയ്യും.

പുരാതനകാലത്ത് രംഗദാസൻ എന്ന നാമധേയമുള്ള ഒരു ഉത്തമ ശ്രീകൃഷ്ണ ഭക്തൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന് എല്ലാം ശ്രീകൃഷ്ണ ഭഗവാനായിരുന്നു. ഭഗവാനെ സ്മരിക്കാത്ത ഒരു നിമിഷം പോലും രംഗദാസന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. എല്ലാ ദിവസവും ഭഗവത് ദർശനത്തിനായി അദ്ദേഹം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ പോകുമായിരുന്നു. അദ്ദേഹത്തിന്റെ പത്നിയായ വസുധയും, ശ്രീകൃഷ്ണ ഭഗവാന്റെ ഉത്തമ ഭക്തയായിരുന്നു. ശ്രീകൃഷ്ണ ഭഗവാന്റെ നാമം ഉരുവിട്ടുകൊണ്ടായിരുന്നു അവർ വീട്ടുകാര്യങ്ങളിലെല്ലാം ഏർപ്പെട്ടിരുന്നത്. ആ ദമ്പതികൾ എല്ലാ ചരാചരങ്ങളിലും ഭഗവാനെ കാണുമായിരുന്നു.

രംഗദാസന്റെയും വസുധയുടേയും ഗൃഹത്തിൽ അതിമനോഹരമായ ഒരു ശ്രീകൃഷ്ണ വിഗ്രഹം ഉണ്ടായിരുന്നു. മനം മയക്കുന്ന പുഞ്ചിരിയോടെ, കൈകളിൽ ഓടക്കുഴലുമേന്തി നിൽക്കുന്ന ഉണ്ണികണ്ണന്റെ അതിമനോഹരമായ ഒരു വിഗ്രഹമായിരുന്നു അത്. ആ ദമ്പതികൾ നിത്യവും ഭക്തിനിർഭരമായ ഗാനങ്ങൾ പാടുകയും, വാത്സല്യത്തോടെ ഭഗവാന് തൈരും, വെണ്ണയും മറ്റും നൈവേദ്യമായി സമർപ്പിക്കുകയും ചെയ്യുമായിരുന്നു. രാത്രിയിൽ കീർത്തനങ്ങൾ പാടുന്നതും, തിളപ്പിച്ചാറ്റിയ പാൽ ഉണ്ണികണ്ണനു നേദിക്കുന്നതും അവർക്ക് പതിവായിരുന്നു.

അന്നു രാത്രിയിലും പതിവു പോലെ ഭഗവാനുള്ള നൈവേദ്യത്തിനും, ഏകാന്ത സേവയ്ക്കും ശേഷം ആ ദമ്പതികൾ

ഉറങ്ങുവാനായി പോയി. ഉറക്കത്തിലേക്ക് വഴുതിവീണ അവർ ഭയാനകമായ ഒരു ശബ്ദം കേട്ട് പെട്ടന്ന് ഞെട്ടിയുണർന്നു. തങ്ങളുടെ വീട് തകർത്ത് ഉള്ളിൽ കടന്ന്, ഭീബൽസമായ രൂപഭാവത്തോടെ നിൽക്കുന്ന ഒരു തസ്ക്കരനെയാണ് അപ്പോൾ അവർ അവിടെ കണ്ടത്. ഭയവിഹ്വലരായ രംഗദാസനും, വസുധയും, തങ്ങൾ ദരിദ്രരാണെന്നും വിലപിടിപ്പുള്ള വസ്തുക്കൾ ഒന്നും തന്നെ തങ്ങളുടെ വീട്ടിൽ ഇല്ല എന്നും അയാളോടു പറഞ്ഞു.

ആ ദമ്പതികളുടെ വാക്കുകളൊന്നും തന്നെ അയാൾ മുഖവിലക്കെടുത്തില്ല. മാത്രമല്ല തനിക്ക് വിലപിടിപ്പുള്ള യാതൊന്നും ഈ വീട്ടിൽ നിന്നും കിട്ടില്ല എന്നു മനസ്സിലാക്കിയ തസ്ക്കരൻ കുപിതനായി രംഗദാസനെയും, വസുധയേയും കൊല്ലുമെന്നു ഭീഷണി മുഴക്കി. ഭയചകിതരായ ആ ദമ്പതികൾ തങ്ങൾ നിത്യേന പൂജിക്കുന്ന ഉണ്ണികണ്ണന്റെ തിരുനാമങ്ങളായ ഗോവിന്ദാ..... ഗോപാലാ..... ഗോകുലനന്ദനാ..... എന്നു മനമുരുകി വിളിക്കുവാൻ തുടങ്ങി. “ഭഗവാനെ, അങ്ങ് മാത്രമാണ് ഞങ്ങളുടെ ഏക ആശ്രയം. ഈ ആപത്ഘട്ടത്തിൽ ഞങ്ങളെ കൈവിടരുതേ കൃഷ്ണാ.....” എന്ന് അവർ പ്രാർത്ഥിച്ചു കൊണ്ടേയിരുന്നു. ശാന്തവും പ്രസന്നവുമായ കാലാവസ്ഥ പെട്ടന്നാണ് പ്രക്ഷുബ്ധമായത്. അത്ഭുതമെന്നു പറയട്ടെ, ആ നിമിഷം ശക്തമായ ഒരു കാറ്റ് ജനാലയിലൂടെ ഉള്ളിലേയ്ക്കു വീശുകയും, ഉണ്ണികണ്ണന്റെ വിഗ്രഹം ഉയർന്നു പൊങ്ങി തസ്കരന്റെ തലയിലേക്ക് വീഴുകയും, അയാൾ ബോധരഹിതനാവുകയും ചെയ്തു. രംഗദാസനും വസുധയും ഉച്ചത്തിൽ നിലവിളിക്കുവാൻ തുടങ്ങി. ഈ ശബ്ദം കേട്ട് അയൽവാസികൾ ഉറക്കത്തിൽ നിന്ന് ഉണരുകയും, വേഗം തന്നെ അവരുടെ വീട്ടിൽ എത്തിച്ചേരുകയും ചെയ്തു. അവിടെ സംഭവിച്ചതെല്ലാം കണ്ട് അയൽവാസികൾ സ്തബ്ധരായി നിന്നുപോയി. ഇത്ര ഉയരത്തിൽ നിന്നു വീണിട്ടും ഉണ്ണികണ്ണന്റെ വിഗ്രഹത്തിനു യാതൊരുവിധത്തിലുള്ള കേടുപാടും സംഭവിക്കാത്തതിൽ എല്ലാവരും അത്ഭുതപരവശരായി. സാക്ഷാൽ ശ്രീകൃഷ്ണ ഭഗവാൻ തന്നെയാണ് രംഗദാസനെയും, വസുധയേയും സഹായിക്കുവാനായി വന്നതെന്ന് അവിടെ എത്തിയവർക്കെല്ലാം മനസ്സിലായി. അവർ ഭക്തിയാദരവോടു കൂടി ഉണ്ണികണ്ണന്റെ വിഗ്രഹം യഥാസ്ഥാനത്തേക്കു വച്ചു. പിറ്റേദിവസം ഭഗവാന്റെ ഈ അത്ഭുതലീല നാടെങ്ങും പാട്ടായി.

ശ്രീകൃഷ്ണ ഭഗവാൻ പരമോന്നത പ്രേമത്തിന്റെ സാക്ഷാത്ക്കാരമാണ്! ഭഗവാനിൽ പൂർണ്ണമായി സമർപ്പിക്കുന്ന എല്ലാ ഭക്തന്മാരെയും അദ്ദേഹം കാത്തു രക്ഷിക്കും. ഈ പ്രപഞ്ചത്തിലെ ഈശ്വരന്മാർ എല്ലാം ശ്രീകൃഷ്ണ ഭഗവാന്റെ തന്നെ വിഭിന്ന രൂപങ്ങളാണ്. ഏതൊരു ഈശ്വര രൂപത്തെ പ്രാർത്ഥിച്ചാലും അതെല്ലാം ആത്യന്തികമായി എത്തിച്ചേരുന്നത് ശ്രീകൃഷ്ണ ഭഗവാനിൽ തന്നെയാണ്. ആയതിനാൽ എല്ലാവരും ശ്രീകൃഷ്ണ ഭഗവാനെ ധ്യാനിച്ച് സന്തോഷവും സമാധാന പൂർണ്ണവുമായ ജീവിതം നയിച്ചാലും!!!.

|| അധ്യായം നാല് സമാപ്തം ||

**ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!**

# ശ്രീകൃഷ്ണ വ്രതം

## അദ്ധ്യായം അഞ്ച്
## മാധവന്റെ കഥ

ശ്രീകൃഷ്ണ ഭഗവാൻ ദയയുടെയും പ്രേമത്തിന്റെയും സാക്ഷാത്കാരമാണ്. ഏതൊരു ഭക്തനാണോ ശ്രീകൃഷ്ണ ഭഗവാനിൽ അഖണ്ഡമായ വിശ്വാസവും, പൂർണ്ണ സമർപ്പണവും ഉള്ളത്, ആ ഭക്തൻ എല്ലാ കാലവും ഭഗവാനാൽ സംരക്ഷിക്കപ്പെടും. ഭഗവത് പ്രീതിക്ക് വലിയ യാഗങ്ങളോ, യജ്ഞങ്ങളോ ചെയ്യേണ്ടതായിട്ടില്ല. പകരം ആത്മാർത്ഥമായ പ്രാർത്ഥനയും, ഒരു തുളസീദള സമർപ്പണവും മാത്രം മതി.

പുരാതന കാലത്ത് ഗോവിന്ദപുരത്തിൽ മാധവൻ എന്ന നാമധേയമുള്ള ഒരു ശ്രീകൃഷ്ണ ഭക്തൻ ജീവിച്ചിരുന്നു. ശ്രീകൃഷ്ണ ഭഗവാനിൽ അദ്ദേഹത്തിന് അടിയുറച്ച ഭക്തി ഉണ്ടായിരുന്നു. ഗോവിന്ദപുരത്ത് അതിമനോഹരമായ ഒരു ശ്രീകൃഷ്ണ ക്ഷേത്രവും ഉണ്ടായിരുന്നു. ക്ഷേത്ര ശ്രീകോവിലിനുള്ളിലെ അതിരമണീയമായ രാധാകൃഷ്ണൻമാരുടെ വിഗ്രഹങ്ങൾ ദൂരദേശത്ത് നിന്നുള്ള ഭക്തന്മാരെ പോലും ക്ഷേത്രത്തിലേക്ക് ആകർഷിച്ചിരുന്നു. പക്ഷേ ക്ഷേത്ര പ്രവേശനം ഉയർന്ന ജാതിക്കാർക്ക് മാത്രം ഉള്ളതായതിനാൽ താഴ്ന്ന ജാതിക്കാരനായ മാധവന് ആ ക്ഷേത്രത്തിനുള്ളിലേക്ക് പ്രവേശനമില്ലായിരുന്നു. എന്നാൽ ഇതൊന്നും മാധവന്റെ ശ്രീകൃഷ്ണ ഭക്തിക്ക് ഒരു തടസ്സം ആയിരുന്നില്ല.

എല്ലാ ദിവസവും മാധവൻ ക്ഷേത്രത്തിനു പുറത്തുള്ള ഗോപുരത്തിൽ കൊത്തി വെച്ചിരിക്കുന്ന ശ്രീ രാധാകൃഷ്ണൻ ശിൽപങ്ങൾ നോക്കികൊണ്ട് ആസ്വദിച്ച് ഇരിക്കുമായിരുന്നു. മാധവൻ ശ്രീകൃഷ്ണ ഭഗവാന്റെ സൗകുമാര്യതയിൽ ലയിച്ച് ഒരുപാട് സമയം അവിടെത്തന്നെ ചിലവഴിക്കുമായിരുന്നു. ആ സമയത്ത് ചുറ്റും നടക്കുന്നതിനെക്കുറിച്ചൊന്നും മാധവൻ ബോധവാനാകുകയില്ല. മാധവന്റെ അകമഴിഞ്ഞ ഭക്തിയിൽ സംപ്രീതരായ മറ്റ് ഭക്തന്മാർ അദ്ദേഹത്തിനെ ഭഗവത് ദർശനത്തിനായി ക്ഷേത്രത്തിനുള്ളിലേക്കു പ്രവേശിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും ക്ഷേത്രഭരണാധികാരികൾ അതിന്

അനുവദിച്ചില്ല. അങ്ങനെയിരിക്കെ മാധവന് അത്യപൂർവ്വമായ ഒരു ത്വക്ക് രോഗം പിടിപെട്ടു. അത് ശരീരം മുഴുവൻ വ്യാപിച്ചതിനാൽ അദ്ദേഹത്തിനത് വളരെയധികം ദുരിതപൂർണ്ണമായി മാറി. ഒരു ഔഷധവും മാധവന് ആശ്വാസം നൽകിയില്ല. അവസാനം മാധവന് ക്ഷേത്രത്തിലേക്ക് തീരെ പോകുവാൻ സാധിക്കാതെയായി. ഇതിൽ നിരാശനായെങ്കിലും മാധവൻ തന്റെ ഗൃഹത്തിലിരുന്ന് ഭക്തിയോടുകൂടി രാധാകൃഷ്ണ ഭഗവാനോടുള്ള പ്രാർത്ഥന തുടർന്നുകൊണ്ടിരുന്നു. എന്നിരുന്നാലും ക്ഷേത്രത്തിനു പുറത്തു നിന്നു കൊണ്ടുള്ള തന്റെ പതിവു പ്രാർത്ഥന മുടങ്ങുന്നതിൽ അദ്ദേഹം അതീവ ദു:ഖിതനായിരുന്നു. അദ്ദേഹം ഭഗവാനോട് തന്റെ പൂർവ്വജന്മ പാപങ്ങളെല്ലാം ക്ഷമിക്കുവാനും, തന്നെ രോഗവിമുക്തനാക്കു-വാനും നിരന്തരമായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

എല്ലാ വർഷവും ക്ഷേത്രത്തിൽ നടത്തപ്പെടുന്ന ഉത്സവം വളരെ ഗംഭീരമായി മൂന്ന് ദിവസം നീണ്ടു നിൽക്കുന്നതായിരുന്നു. ഉത്സവത്തിന്റെ മൂന്നാം നാൾ ശ്രീ രാധാകൃഷ്ണ ഭഗവാന്മാരുടെ ഉത്സവ മൂർത്തികളെ ഗോവിന്ദപുരത്തെ നഗരവീഥികളിലൂടെ ഘോഷയാത്രയായി കൊണ്ടു പോകുമായിരുന്നു. മനോഹരമായി അലങ്കരിച്ച ശ്രീ രാധാകൃഷ്ണ വിഗ്രഹങ്ങൾ കാണുന്നത് ഭക്തന്മാരുടെ നയങ്ങൾക്ക് ആനന്ദകരമായൊരു വിരുന്നായിരുന്നു. ഭഗവാന്റെ കിരീടം അലങ്കരിക്കുന്ന മയിൽപീലി ഭക്തന്മാർക്ക് ഒരു അത്ഭുത ദർശനം തന്നെയായിരുന്നു നൽകിയിരുന്നത്. കഴിയുന്നതും ഗോവിന്ദപുര നിവാസികൾ ആരും തന്നെ ഈ കാഴ്ച മുടക്കിയിരുന്നില്ല.

പതിവുപോലെ ആ വർഷവും ഘോഷയാത്ര ഗോവിന്ദപുര വീഥികളിലൂടെ നടക്കുകയും ഒടുവിൽ മാധവന്റെ ഗൃഹത്തിനടുത്തേക്ക് എത്തുകയും ചെയ്തു. മാധവൻ അതിമനോഹരമായ ഉത്സവ മൂർത്തികളെ നോക്കി ഭക്തി നിർഭരമായി പ്രാർത്ഥിച്ചു. പെട്ടെന്ന് അവിടെ ഒരു മഹാത്ഭുതം സംഭവിച്ചു. ശ്രീകൃഷ്ണ ഭഗവാന്റെ കിരീടത്തെ അലങ്കരിച്ചിരുന്ന മയിൽപീലി, പെട്ടന്നു വന്ന ഒരു കാറ്റിന്റെ പ്രവാഹത്തിൽ പറന്നു വന്ന് മാധവന്റെ ശരീരത്തിൽ വീണു. മയിൽപീലി മാധവന്റെ ശരീരത്തിൽ തൊട്ട നിമിഷം, അദ്ദേഹത്തിന്റെ ത്വക്ക് രോഗം ഒരു അടയാളം പോലും അവശേഷിപ്പിക്കാതെ അപ്രത്യക്ഷമായി. ഭഗവാന്റെ അനുഗ്രഹം അനുഭവിച്ചറിഞ്ഞ മാധവന്റെ കണ്ണുകളിൽ നിന്നും സന്തോഷാശ്രുക്കൾ പൊഴിഞ്ഞു.

ഘോഷയാത്രയിൽ പങ്കെടുത്തവരും, അതു കാണാനായി വീഥികളിൽ നിന്നവരും ഭഗവാന്റെ ഈ അത്ഭുത ലീല കണ്ട് ആശ്ചര്യഭരിതരായി. ഇതിൽ നിന്നും മാധവൻ ഒരു വലിയ അനുഗ്രഹീത ഭക്തനാണെന്ന് ക്ഷേത്രഭരണാധികാരികൾക്കും, നഗരവാസികൾക്കും ബോധ്യമായി. മാധവനെ അവർ പൂമാല അണിയിച്ച്, ആദരവോടുകൂടി ഘോഷയാത്രയോടൊപ്പം ക്ഷേത്രത്തിനുള്ളിലേക്ക് ആനയിച്ചു. അങ്ങനെ ആദ്യമായി അദ്ദേഹത്തിന് ഭഗവത് ദർശനം ലഭിച്ചു. അതിരമണീയമായ ശ്രീ രാധാകൃഷ്ണ വിഗ്രഹം ദർശിച്ച മാധവന്റെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. ഭഗവാന്റെ അനുഗ്രഹം ലഭിക്കുവാൻ ജാതി ഒരു അളവുകോൽ അല്ല എന്ന് ക്ഷേത്രഭരണാധികാരികൾ മനസ്സിലാക്കുകയും, താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രപ്രവേശനത്തിന് ഉണ്ടായിരുന്ന എല്ലാ വിലക്കുകളും എടുത്തു മാറ്റുകയും ചെയ്തു. അങ്ങനെ എല്ലാ ഭക്തന്മാർക്കും ഭഗവത് ദർശനം സാധ്യമായി.

ശ്രീകൃഷ്ണ ഭഗവാൻ ഭക്തവത്സലനാണ്. തന്റെ ശുദ്ധമായ ഭക്തന്മാരോട് അദ്ദേഹം വളരെയധികം സ്നേഹവായ്പ് കാണിക്കും. ഈ കലിയുഗത്തിൽ ശ്രീകൃഷ്ണ ഭഗവാന്റെ അനുഗ്രഹം ലഭിക്കുവാനുള്ള ഏറ്റവും എളുപ്പമുള്ള മാർഗ്ഗം ശ്രീകൃഷ്ണ വ്രതം അത്യധികം ഭക്തിയോടെ അനുഷ്ഠിക്കുക എന്നുള്ളതാണ്. ആയതിനാൽ എല്ലാവരും കൃത്യമായി ഈ വ്രതം അനുഷ്ഠിച്ച്, ഭഗവാന്റെ അനുഗ്രഹത്താൽ സന്തോഷവും സമാധാന പൂർണ്ണവുമായ ജീവിതം നയിച്ചാലും.!!!

|| അധ്യായം അഞ്ച് സമാപ്തം ||

**ഗോവിന്ദാ! ഗോപാലാ! ഗോകുലനന്ദനാ!**

ഓം നമോ ഭഗവതേ വാസുദേവായ|
ഏതത് ഫലം ശ്രീകൃഷ്ണാർപ്പണമസ്തു!

## ശ്രീകൃഷ്ണ വ്രതം സമാപ്തം

# ശ്രീകൃഷ്ണാഷ്ടകം

വസുദേവ സുതം ദേവം കംസ ചാണൂര മർദ്ദനം
ദേവകീ പരമാനന്ദം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
അതസീ പുഷ്പ സങ്കാശം ഹാര നൂപുര ശോഭിതം
രത്ന കങ്കണ കേയൂരം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
കുടിലാലക സംയുക്തം പൂർണ്ണചന്ദ്ര നിഭാനനം
വിലസത് കുണ്ഡലധരം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
മന്ദാര ഗന്ധ സംയുക്തം ചാരുഹാസം ചതുർഭുജം
ബർഹി പിംഛാവ ചൂഡാംഗം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
ഉത്ഫുല്ല പത്മ പത്രാക്ഷം നീല ജീമൂത സന്നിഭം
യാദവാനാം ശിരോരത്നം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
രുക്മിണീ കേളി സംയുക്തം പീതാംബര സുശോഭിതം
അവാപ്ത തുളസീ ഗന്ധം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
ഗോപികാനാം കുചദ്വംദ കുംകുമാങ്കിത വക്ഷസം
ശ്രീനികേതം മഹേഷ്വാസം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
ശ്രീവത്സാങ്കം മഹോരസ്കം വനമാലാ വിരാജിതം
ശംഖചക്ര ധരം ദേവം കൃഷ്ണം വന്ദേ ജഗദ്ഗുരും ||
കൃഷ്ണാഷ്ടകം ഇദം പുണ്യം പ്രാതരുത്ഥായ യ: പഠേത്
കോടിജന്മ കൃതം പാപം സ്മരണേന വിനശ്യതി ||

# മധുരാഷ്ടകം

അധരം മധുരം വദനം മധുരം
നയനം മധുരം ഹസിതം മധുരം|
ഹൃദയം മധുരം ഗമനം മധുരം
മധുരാധിപതേ അഖിലം മധുരം||1||

വചനം മധുരം ചരിതം മധുരം
വസനം മധുരം വലിതം മധുരം|
ചലിതം മധുരം ഭ്രമിതം മധുരം
മധുരാധിപതേ അഖിലം മധുരം||2||

വേണുർ മധുരോ രേണുർ മധുര:
പാണിർ മധുര: പാദൗ മധുര:|
നൃത്യം മധുരം സഖ്യം മധുരം
മധുരാധിപതേ അഖിലം മധുരം||3||

ഗീതം മധുരം പീതം മധുരം
ഭുക്തം മധുരം സുപ്തം മധുരം|
രൂപം മധുരം തിലകം മധുരം
മധുരാധിപതേ അഖിലം മധുരം||4||

കരണം മധുരം തരണം മധുരം
ഹരണം മധുരം സ്മരണം മധുരം|
വമിതം മധുരം ശമിതം മധുരം
മധുരാധിപതേ അഖിലം മധുരം||5||

ഗുഞ്ജാ മധുരാ മാലാ മധുരാ
യമുനാ മധുരാ വീചീ മധുരാ|
സലിലം മധുരം കമലം മധുരം
മധുരാധിപതേ അഖിലം മധുരം||6||

ഗോപീ മധുരാ ലീലാ മധുരാ
യുക്തം മധുരം മുക്തം മധുരം|
ദൃഷ്ടം മധുരം ശിഷ്ടം മധുരം
മധുരാധിപതേ അഖിലം മധുരം||7||

ഗോപാ മധുരാ ഗാവോ മധുരാ
യഷ്ടിർ മധുരാ സ്വഷ്ടിർ മധുരാ|
ദലിതം മധുരം ഫലിതം മധുരം
മധുരാധിപതേ അഖിലം മധുരം||8||

**ശുഭം**

അധരം മധുരം വദനം മധുരം
നയനം മധുരം ഹസിതം മധുരം |
ഹൃദയം മധുരം ഗമനം മധുരം
മധുരാധിപതേ അഖിലം മധുരം ||

വസുദേവ സുതം ദേവം കംസ ചാണൂര മർദ്ദനം
ദേവകീ പരമാനന്ദം കൃഷ്ണം വന്ദേ ജഗദ്ഗുരും||